# അതിജീവനത്തിന്റെ പാഠപുസ്തകം



പ്രളയ ബാധിതർക്കായി
എസ്. ജി. എച്ച്. എസ്. കുളത്തുവയൽ

# നമ്മുക്കൊരുമിച്ച് അതിജീവിക്കാം.......

നമ്മോടൊപ്പം തന്നെ സഞ്ചരിച്ച് കഴിഞ്ഞകൊല്ലം പ്രകൃതി വരുത്തി വച്ച മഹാപ്രളയത്തിൽ അകപ്പെട്ടവർ......

ജലത്താൽ ജീവൻ കവർന്നെടുക്കപ്പെട്ട ഒട്ടനേകർ..........

തന്റെ അവസാന ശ്വാസം പോലും രക്ഷാപ്രവർത്തനത്തിനായി മാറ്റിവച്ച മഹാരഥന്മാർ.........................

ഭാവനരഹിതർ, ഒറ്റപ്പെട്ടവർ........

ഈ പ്രളയകാലത്തിൽപ്പെട്ട് ദുരന്തമനുഭവിച്ച ഒട്ടനവിപേർ..........

ഈ പ്രസിദ്ധീകരണം അവർക്കുവേണ്ടി ഞങ്ങൾ സമർപ്പിക്കുന്നു

**അവതരിപ്പിക്കുന്നത്**

# ലിറ്റിൽ കൈറ്റ്സ്

**സെന്റ് ജോർജ്ജ് എച്ച്.എസ്.എസ് കുളത്തുവയൽ**

# നാളത്തെ സാങ്കേതിക വിദ്യയ്ക്കായി



അനുദിനം വളർന്നുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ യുഗത്തിൽ അതോടൊപ്പം തന്നെ മാതൃഭാഷയെയും വളർത്തിയെടുക്കേണ്ടത് നാമെല്ലാവരുടെയും കർത്തവ്യമാണ്. അമ്മയായ മലയാളത്തെ പരിപോഷിപ്പിക്കുവാൻ

പുതിയവഴികൾ തേടി പോയിക്കൊണ്ടിരിക്കുന്ന ഐ ടി ലോകത്തിന് ഒരു ചെറിയ സംഭാവനയായി മാറുകയാണ് ഞങ്ങളുടെ ഈ ഡിജിറ്റൽ മാഗസിൻ എന്ന് കരുതട്ടെ. കുട്ടികളിൽ മലയാളം കംപ്യൂട്ടിങ്ങിനോട് താല്പര്യം വളർത്തുക എന്ന ഉദ്ദേശത്തോടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായി ആരംഭിച്ച ഡിജിറ്റൽ മാഗസിൻ പദ്ധതിയുടെ സമ്പൂർണ്ണ സാക്ഷാത്കാരമായ ഡിജിറ്റൽ മാഗസിൻ 'അതിജീവനത്തിന്റെ പാഠപുസ്തകം ' കേരളത്തിലെ പ്രളയദുരന്തമനുഭവിക്കുന്നവർക്കായി ഞങ്ങൾ സമർപ്പിക്കുന്നു.......

ലിറ്റിൽ കൈറ്റ്സ് ചീഫ് എഡിറ്റർ

എസ്. ജി. എച്ച്. എസ്. കുളത്തുവയൽ

റോൺ സ്റ്റീഫൻ മാത്യു

# ഞങ്ങൾ ഇന്നത്തെ ജോർജിയന്നുകൾക്ക് വേണ്ടി ഒരു നാളയെ വാർത്തെടുക്കുന്നു.....

# താളുകളിലൂടെ

ദുരന്തകാലം ഓർമ്മിപ്പിക്കുന്നത്....3
മാതൃഭാഷാപഠനത്തിന്റെ ആവശ്യകത....6
ജലം....8
നവകേരളം.... 10
വർണ്ണച്ചെപ്പ്....11
ചിത്രങ്ങൾ ....12
പര്യായപദം....20
കേരളനാടിൻ കഥയുരചെയ്യാം....21
കേരളം....24
തുഞ്ചത്തെഴുത്തച്ഛൻ....25
പക്ഷെ ഒന്നെനിക്കറിയാം....26
ഉണ്ണിക്കുട്ടൻ....28
വള്ളത്തോൾ അവാർഡ്....30
തൂലികാ നാമങ്ങൾ ....32
മയിസൂർയാത്ര (യാത്രാവിവരണം)....33
പരസ്യങ്ങളുടെ സ്വാധീനം നിത്യജീവിതത്തിൽ....35
മലയാളിയെ മനുഷ്യനാക്കിയ കണ്ണീർക്കണങ്ങൾ....39
മനസിലൊരിടം....44
സ്നേഹത്തിന്റെ പൂമൊട്ടുകൾ....46
നവോത്ഥാനം കേരളത്തിൽ ....49
നെഹ്രുവിന്റെ പ്രശസ്തമായ വാക്കുകൾ ....51
സ്ത്രീകളിലെ ഹൃദ്രോഗം....53

വായന മരിക്കുന്നുവോ.....57

ശ്രേഷ്ഠ ഭാഷ മലയാളം.....60

മഴയുള്ളരാത്രി.....62

മാതൃഭാഷയുടെ മഹത്വം.....69

ഹൂഡ്സാറിലെ വീരപ്പൻ.....72

മണ്ണിന്റെ ഗന്ധം..... 75

# യാത്ര തുടരാം.......

പല നാരുകൾ ചേർന്നുണ്ടായ  ഒരു കയർ പോലെ

ഒറ്റക്കെട്ടായി നിന്ന് അഭിനന്ദനീയവും മാതൃകപറവുമായ

ഏകത്വ ശക്തിയായി മാറിയാണ് ഇതുവരെ

അനുഭവിക്കാത്ത പ്രളയത്തെ നാം നേരിട്ടത്.



# ദുരന്തകാലം ഓർമ്മിപ്പിക്കുന്നത്

## ആരതി കെ ജെ

ഒരു നൂറ്റാണ്ടിനിടയിൽ കേരളം നേരിടേണ്ടി വന്ന ഏറ്റവും വലിയ പ്രളയക്കെടുത്തിയാണിത്. ഈ അവസരത്തിൽ ട ദുരന്തത്തിലൂടെ കടന്നുപോയ സമൂഹത്തിൽ നിന്നും നമ്മുക്ക് ഏറെ പഠിക്കാനുണ്ട്.എംമിക്കയിടങ്ങളിലും ദുരന്തം പുതിയ ഒരു അവസരമായി പരിണമിക്കുന്നു . പുരോഗമനപരമായ സമൂഹികവികസനം, സാക്ഷരത, ഊർജ്ജസ്വലരായ മാധ്യമങ്ങൾ, എല്ലാറ്റിനുമുപരിയായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന സമൂഹം

തുടങ്ങിയവയാണ് ഈ ദുരന്തത്തെ മറികടക്കുവാനും പുനരുജ്ജീവിപ്പിക്കുവാനുമുള്ള കേരളത്തിന്റെ കയ്യിലെ ആയുധങ്ങൾ . മികച്ച രീതിയിൽ ഇവയൊക്കെ ഉപയോഗപ്പെടുത്താനായൽ ലോകത്തിനു മാതൃകയാകാൻ കേരളത്തിന് കഴിയും എന്നതിൽ സംശയമില്ല.



പല നാരുകൾ ചേർന്നുണ്ടായ ഒരു കയർ പോലെ ഒറ്റക്കെട്ടായി നിന്ന് അഭിനന്ദനീയവും മാതൃകപറവുമായ ഏകത്വ ശക്തിയായി മാറിയാണ് ഇതുവരെ അനുഭവിക്കാത്ത പ്രളയത്തെ നാം നേരിട്ടത് . കൗമാരക്കാർ തൊട്ട് വൃദ്ധർ വരെ, നനവിഭാഗങ്ങളിലും പെട്ട ജനങ്ങൾ ഒറ്റക്കെട്ടായി നിന്നു പ്രളയതെ ചെറുക്കുന്നു. ഉന്നതോദ്യോഗസ്ഥർ മുതൽ താഴെതട്ടിലെ ജീവനക്കാർ വരെ ഊണും ഉറക്കവുമൊഴിച്ച കര്മനിരതരായി തുടരുന്നു . വിവരങ്ങൾ യഥാക്രമം അറിയിച്ചും വാർത്താ മാധ്യമങ്ങൾ അവരുടെ ധർമ്മം നിറവേറ്റുന്നു. ഓണത്തിനായി വച്ചതുമുഴുവൻ എടുത്ത് ജനങ്ങൾ, പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് കൊടുക്കുന്നു. എംഅൽസ്യത്തൊഴിലാളികളും പട്ടാളവും

**പോലീസും എല്ലാം ജീവൻ പനയപ്പെരുത്തി എം‌അണിഷ്യജീവനെ തിരയുന്ന കേരളസമൂഹം ഒരുപക്ഷേ തിരിച്ചറിഞ്ഞു കാണണം ഒരുമായാണ് ശക്തി എന്ന്, നന്മയാണ് ആയുദ്ധമെന്ന്. ലോകത്തിനു മാതൃകയാകാൻ കേരളത്തിന് കഴിയട്ടെ. അതിനുവേണ്ടി നമ്മുക്ക് ആവുന്നത്രപരിശ്രമിക്കാം.**

സ്വന്തം പൈതൃകവും സംസ്കാരവും

മറന്നുകൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം മൂല്യച്യുതിയുള്ള,

പാപ്പരത്തമുള്ള ഒരു തലമുറയെ സൃഷ്ടിക്കാനേ സഹായിക്കൂ.

# മാതൃഭാഷാപഠനത്തിന്റെ ആവശ്യകത

അബിൻ എസ് ബാസ് 9A




അമ്മ എന്ന വാക്കിന് ഒരു നിർവ്വചനം നൽകി തൃപ്തിയടഞ്ഞവർ ആരുമുണ്ടാവില്ല. അത്രയ്ക്ക് അർത്ഥമത്തും മഹനീയവുമാണ് അത്.

ഒരുനിർവചനത്തിന്റെയും വരികൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നതല്ല ആ വാകിന്റെ ഭാവാർത്തങ്ങൾ . മഹത്തായ എന്തിനും മാതാവിന്റെ

സ്ഥാനം കൽപ്പികുന്നത് അതുകൊണ്ടാണ് . ജനിച്ച മാതൃഭൂമിയും ആദ്യമായി

സംസാരിച്ചുതുടങ്ങുന്ന ഭാഷ, മാതൃഭാഷയാണ് . ഒരു കുഞ്ഞ്

ജനിച്ച് വീഴുന്ന സമയം മുതൽ അവനു മുലപ്പാലിനൊപ്പം പകർന്നു കിട്ടുന്ന സമ്പത്താണ് മാതൃഭാഷ . ഏതൊരു കുട്ടിക്കും ജന്മസിദ്ധമാലഭിക്കുന്ന ഈ ഭാഷയെ അഭ്യസനത്തിലൂടെയും പരിശ്ശ്രുലനത്തിലൂടെയും പരിപോഷിപ്പിക്കുകയാണ് പ്രാഥമിക

വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്.




സ്വന്തം പൈതൃകവും സംസ്കാരവും മറന്നുകൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം മൂല്യച്യുതിയുള്ള, പാപ്പരത്തമുള്ള ഒരു തലമുറയെ സൃഷ്ടിക്കാനേ സഹായിക്കു. മാതൃഭാഷ പഠനം മൂല്യ ബോധങ്ങൾക്കു കരുത്താക്കുന്നു . പുതിയ തലമുറയുടെ സംസ്കാരിക അധ :പതനത്തിനു കാരണം പിറന്ന മണ്ണിനെമറന്ന് കൊണ്ടുള്ള വിദ്യാഭ്യാസരീതിയാണ്.

ആയതിനാൽ മാതൃഭാഷ പഠനം അനിവാര്യമാണെന്ന് നാം തിരിച്ചറിയണം.

# ജലം

ശ്രീഹരി മനോജ് 9A

ജലക്ഷാമമിന്നു

നാടാകെ രൂക്ഷം

ജനക്ഷേമത്തിന

ലെത്രയോകക്ഷട്ടം



അരുതരുത്

ദുരുപയോഗമരുതിനാൽ

അരുതരുത്

ജല ദുരുപയോഗമരുത്

ജലമമൂല്യമാണ്

അത് അറിയുക ജനതേ

ജലമമൂല്യമാണ്

## അത് കരുതുക ജനതേ




ജലമമൂല്യമാണതു

മലിനമാക്കരുത് മാനവാ

അതു മലിനമാക്കരുത് മാനവാ

അതു മലിനമാക്കരുത് മാനവാ

# നവകേരളം

ആകാശ് ശങ്കർ 9 A

എന്റെ നാട് കേരളം

എനിക്ക് ജന്മ നാടിത്

ദൈവത്തിന്റെ സ്വന്തം നാടിത്

ഹരിതമാണെന്റെ നാട്

പ്രളയം വിതച്ച കേരളത്തെ

പടുത്തുയർത്തുക നമ്മൾ

ഒരുമയോടെ കൈകൾ കോർക്കാം

അതിജീവിക്കാം പ്രളയത്തെ

പടുത്തുയർത്തുക നമ്മൾ ഇന്ന്

കേരളമെന്ന നാടിനെ.....

# വർണ്ണച്ചെപ്പ്

എന്നോർമ്മതൻ ചെപ്പിൽ ഒരായിരം

വർണ്ണങ്ങൾ ചാലിച്ച്

വർണ്ണസുരഭിലമാം പുഷ്പങ്ങൾ വിരിയിച്ച്

സ്നേഹമാം മധുപകർന്ന്

വാനോളം മോഹങ്ങൾ

തകർത്തെറിഞ്ഞ് പറന്നകലാനായിരുന്നു?

എന്റെ സ്നേഹസ്വാന്തനമാത്രം

നിൻ നിഴൽ മാത്രം

എൻ സ്വപ്നങ്ങളിൽ എന്നും നിൻ രൂപംമാത്രം

എൻ മനം

എപ്പോഴും നിന്നിലെ

നന്മക്കായി കേഴുന്നു

നിൻ പ്രാണരക്ഷക്കായി കേണിടുന്നു.

മെൽവിൻ വർഗീസ്

9B

# ചിത്രങ്ങൾ






ദിൽഷ.എം.എസ്
VIII-X



Dilsha-M-S






Tosna Joby


ദിൽഷ. എം. എസ്
VIII - A









# പര്യായപദം

- വനം –കാട്,വാനനം
- കാറ്റ് –മാരുതൻ,തെന്നൽ
- മുഖം –ആനനം, വക്ത്രം
- വാക്ക് –വചനം,വച്ചസ്സ്,പദം
- ഭൂമി –വതനം,ജഗതി,ഉലകം
- മനുഷ്യൻ –മനുജൻ,നരൻ
- സുര്യൻ –അരുണൻ,ഇരണൻ
- വെള്ളം –ജലം,സീതം
- സ്ത്രീ –നാരി,മാതാവ്,പെൺ
- പ്രകൃതി –പ്രപഞ്ചം
- മല –ഗിരി,പർവതം
- വീട് –ഗ്രഹം,ആലയം,വാസസ്ഥലം
- പുഴ –നന്ദി,ശൈവലിനി,ധുനി,സരത്ത്, ഹ്രദിനി
- കടൽ –ഉദധി,ഊർവ്വം
- പുഷ്പം –പൂവ്,മലർ

# കേരളനാടിൻ കഥയുരചെയ്യാം..

അലക്സാണ്ടർ പോപ്പ്

അമല മരിയ ആന്റണി 9A

എന്നാൽ ഞാനൊരു കഥയുരചെയ്യാം..

കേരളനാടിൻ കഥയുരചെയ്യാം..

സത്യവും നീതിയുമില്ലത്തിന്നൊരു

കേരളനാടിൻ കഥയുരചെയ്യാം..



എവിടെ ചെന്നാൽ എവിടെ കണ്ടാൽ

ഉള്ളതുമൊത്തം കാപട്യങ്ങൾ

പറഞ്ഞിട്ടില്ലകാര്യമെല്ലാം

സ്വത്തുംപണവുമ്മില്ല മുഖ്യവിഷയം

ചിന്താശക്തിയിന്നെവിടെ പോയി

അമ്മയും പെങ്ങളും മനസ്സിലാവുന്നില്ല.

സ്ത്രീകൾക്കിന്നിവിടെന്തു  പരിഗണന

അവരെന്താവെറും ഉപയോഗവസ്തുവോ..?

പ്രകൃതിക്കുമേൽ കടന്നുകയറ്റം

പ്രകൃതിയുടെരോക്ഷം കണ്ടാലറിയാം.

രോക്ഷം വന്നാലിവിടെതീരും

കേരളമക്കൾതൻ കളരിപയറികൾ.

പ്ലാസ്റ്റിക്ക് മാലിന്യത്തിനുപുറമേ

വരുന്നു പല പല വിഷവാതകങ്ങളും

ഇരുണ്ടമേഘവും വെളുത്തമലയും

കറുത്തപുഴയും ഇവിടെതൻ യാഥാർത്ഥ്യങ്ങൾ.

കുന്നുകളിലെ പുഴകളിലെ

**കാണുന്നതെല്ലാം സൗദങ്ങൾമാത്രം**

**തനിമ വിട്ടൊരു കേരളജനതയ്ക്ക്**

**തിരികെ  വരാനിനിയും സമയമില്ല..?**

**ചിന്തിക്കു മനിഷ്യമക്കളെ**

**നിങ്ങൾതൻ ഭാവിയെ ഓർത്തുനോക്കു..**

**എന്നാൽ;പിന്നെപ്രവർത്തിക്കു.**

**എല്ലാത്തിനും ചേർന്ന വിധത്തിൽ.!**

# കേരളം

1956 നവംബർ 1–ാം തിയ്യതി കേരളം രൂപീകൃതമായി മലബാർ മധ്യതിരുവിതാംകൂർ [തിരുകൊച്ചി] എന്നീ പ്രദേശങ്ങൾ ചേർന്നതാണ് കേരളം രൂപീകൃതമാക്കിയത്. കേരളത്തിലെ ആദ്യതിരഞ്ഞെടുപ്പ് 1957 ഫെബ്രുവരി 28 മുതൽ മാർച്ച് 11 വരെ നടക്കുകയും ആദ്യ നിയമസഭ 1957 ഏപ്രിൽ 5ന് ചുമതലയേൽക്കുകയും ചെയ്തു. കേരളത്തിലെ ആദ്യ മന്ത്രി ഈ.എം.എസായിരുന്നു. ആദ്യ നിയമസഭയിലെ അംഗങ്ങളുടെ എണ്ണം 127 ഇപ്പോഴത്തേത് 141 ആദ്യ മന്ത്രിസഭയിൽ 11 മന്ത്രിമാർ ഉണ്ടായിരുന്നു.



ജീവചരിത്രം



# തുഞ്ചത്തെഴുത്തച്ഛൻ

ശ്രീഹരി മനോജ് 9A

ആധുനിക മലയാളഭാഷയുടെ പിതാവ് ഭക്ത കവിയുമായിരുന്ന എഴുത്തച്ഛനെ കുറിച്ച് ഇന്ന് നമുക്കറിയുന്നത്ചില കാര്യങ്ങൾ മാത്രമാണ്.അദ്ദേഹത്തെ ആചരിക്കുന്ന കാലഘട്ടം ,അദ്ദേഹത്തിൻറെ മാതാപിതാക്കൾ .അദ്ദേഹം രചിച്ച കൃതികൾ എന്നിവയെക്കുറിച്ച് പണ്ഡിതന്മാർ നിനാദിപ്രായക്കാരാണ്.എഴുത്തച്ഛനെക്കുറിച്ചുള്ള നിരവധി ഐതിഹ്യങ്ങൾമാത്രമാണ് ഇന്ന് നിലനിൽക്കുന്നത്.എഴുത്തച്ഛനെക്കുറിച്ചുള്ള വസ്തുനിഷ്ഠമായജീവ ഗ്രന്ഥങ്ങൾ വളരെഅധികം രചിക്കപ്പെട്ടിട്ടുണ്ട്.തുഞ്ചത്തെഴുത്തച്ഛന്റെ ജീവചരിത്രത്തെക്കുറിച്ചും കൃതികളെക്കുറിച്ചും ലഭ്യമായ എല്ലാ വസ്തുക്കളെക്കുറിച്ചും പണ്ഡിതന്മാരുടെ ബന്ധങ്ങളിൽ എഴുതിയിട്ടുണ്ട്. എഴുത്തച്ഛൻറെ ജീവിതകാലം 1625–നും 1725 നും മദ്ധ്യേ ആയിരുന്നു എന്ന അഭിപ്രായത്തിനെയാണ്ഗ്രന്ഥങ്ങൾ സ്വീകരിക്കുന്നത്.

# പക്ഷേ ഒന്നെനിക്കറിയാം

പിന്നെയും പിന്നെയും എവിടെ

നിന്നോ ഉയരുന്നു

ദീനമാം രോദനങ്ങൾ

എവിടെ നിന്നെന്നെനിക്കറിയില്ല

എന്തിനെന്നും

കരച്ചിലും നിലവിളിയും കുരുങ്ങികി

ടക്കുന്നൊരി ടിവിയിൽ നിന്നാണോ അത്



അതൊ മദ്യലഹരിയിൽ

ആടുന്നൊരാ തച്ഛന്റെ ചുണ്ടിൽ

നിന്നുതീർന്നതാണോ അത്

അല്ലെങ്കിൽ റിംങ്ങ്ടോൺ ശബ്ദം
കേട്ടു വളർന്നൊരെൻ കിളിതൻ
മധുര ഗീതമോ
എന്തെന്നെനിക്കറിയില്ല
എന്തിനെന്നും
പക്ഷെ ഒന്നെനിക്കറിയാം ഇന്നിതൊരു
വീടല്ല നീണ്ടമതിലുകൾക്കും വെൺമയാർന്ന
ചുവരുകൾക്കപ്പുറം ജീവച്ചരവ
മായ വീട് എന്നു മാത്രം

ജിയ റോസ് ബിജു

8 A

# ഉണ്ണിക്കുട്ടൻ

ഉണ്ണിക്കുട്ടനെ ആട്ടിയുറക്കാൻ

വീട്ടിൽ ഊഞ്ഞാലുണ്ടല്ലോ....



ഉണ്ണിക്കുട്ടന് പാട്ട് പഠിക്കാൻ

വീട്ടിൽ ഗിറ്റാറുണ്ടല്ലോ....

**ഉണ്ണിക്കുട്ടന് സ്കൂളിൽ പോകാൻ**

**വീട്ടിൽ സ്കൂൾ ബസ് വരുമല്ലോ....**

**ഉണ്ണിക്കുട്ടന് ഉമ്മ കൊടുക്കാൻ**

**വീട്ടിൽ അമ്മ ഉണ്ടല്ലോ.....**

**മുഹമ്മത് നിഹാൽ**

8 A

# വള്ളത്തോൾ അവാർഡ്

1991 : പാലാ നാരായണൻ നായർ

1992 : ശൂരനാട് കുഞ്ഞൻപിള്ള

1993 : വൈക്കം മുഹമ്മത് ബഷീർ, ബലാമണിയമ്മ

1994 : പൊൻകുന്നം വർക്കി



1995 : എം. പി. അയ്യപ്പൻ

1996 : തകഴി ശിവശങ്കരപിള്ള

1997 : അക്കിത്തം അച്യുതൻ നമ്പൂതിരി

1998 : ഡോ. കെ. എം. ജോർജ്ജ്

1999 : ഡോ. എസ്. ഗുപ്തൻ നായർ

2000 : പി. ഭാസ്കരൻ

അബിനവ് സാബു

8 A

# തൂലികാ നാമങ്ങൾ

| | | |
|---|---|---|
| വിലാസിനി | : | എം. കെ. മേനോൻ |
| സഞ്ജയൻ | : | എം. ആർ. നായർ |
| ഉറൂബ് | : | പി. സി. കുട്ടികൃഷ്ണൻ |
| അക്കിത്തം | : | അച്യുതൻ നമ്പൂതിരി |
| മാധവിക്കുട്ടി | : | കമല സുരയ്യ |
| തകഴി | : | ശിവശങ്കരപ്പിള്ള |
| ഒളപ്പമണ്ണ | : | സുബ്രഹ്മണ്യൻ നമ്പൂതിരി |
| ഇന്ദുചൂഡൻ | : | കെ. കെ. നീലകണ്ഠൻ |
| ചെറുകാട് | : | സി. ഗോവിന്ദ പിഷാരടി |

# മയിസൂർയാത്ര (യാത്രാവിവരണം)

ഞാനും എന്റെ മാതാപിതാക്കളും മറ്റു കുടുംബാകുടുംബാംഗങ്ങളും കൂടി മൈസൂർ കാണുവാൻ പോയി. വനം ധാരാളമുള്ള സ്ഥലങ്ങളിലൂടെയാണ് യാത്ര. വനഹൃദന്തങ്ങളിലൂടെയുള്ള യാത്രയ്ക്കിടയിൽ മാനുകളെയും മയിലുകളെയും മറ്റു വന്യജീവികളെയും കാണുവാൻ സാധിച്ചു അവിടെനിന്നും കുറച്ചുദൂരം യാത്രചെയ്തപ്പോൾ തലയെടുപ്പുള്ള ൨൦യോളം കാട്ടാനകൾ ഒരുമിച്ചു യാത്ര ചെയ്യുന്നത് ഞാൻ കണ്ടു. ആനകൾ വഴിയരികിൽ നിൽക്കുകയായിരുന്നു. അത് പനയോലകൾ ഭക്ഷിക്കുന്ന തിരക്കിലായിരുന്നു . അതിലെ ഒരു ഗജകേസരി ഞങ്ങൾക്ക് നേരെ തിരിഞ്ഞു ഡ്രൈവർ വാഹനം വളരെ വേഗം ഓടിച്ചാൽ അപകടത്തിൽ നിന്നും ഞങ്ങൾ രക്ഷപെട്ടു.



മൈസൂരെ പ്രധാന ആകർഷണം അവിടുത്തെ കൊട്ടാരമാണ്.ഞങ്ങൾ അത് കാണുവാനായി പോയി . ദസറയുടെസമയമായിരുന്നതിനാൽ രാജകൊട്ടാരത്തിലെ ഓരോ മുറികളും കയറി കാണുവാൻ സാധിച്ചു. രാജകൊട്ടാരത്തിലെ സ്വർണസിംഹാസനം

**വളരെ വിശിഷ്ടമായ ഒരു കാഴ്ചയായിരുന്നു .രാജകൊട്ടാരത്തിലെ മുറ്റത്ത് അനാമിലും കുതിരമേലും സേവറിനടത്തുവാൻ സാധിച്ചു**

**അതിനുശേഷം സെന്റ്. ഫിലോമി ദേവാലയം സന്ദർശനത്തിനായി പോയി.അവിടെനിന്നും മൃഗശാലയും. വിവിധയിനത്തിൽ പെട്ട ധാരാളം പക്ഷികളെയാണ് അവിടെ കാണുവാൻകാണുവാൻ സാധിച്ചത്. അതുകഴിഞ്ഞ വൃന്ദാവൻ പൂന്തോട്ടം കാണുവാനായി പോയി. ജലധാരയും പൂന്തോട്ടവും കാണുവാനായി സാധിച്ചു.ബോട്ട് യാത്രയും നടത്തി.**


**ചാമുണ്ടിതിൽ കാണുവാൻപോയി.അതിനുശേഷം ടിപ്പുസുൽത്താന്റെ ശവകുടീരവും. എല്ലാം കണ്ടതിനുശേഷം ഞാൻ തിരിച്ചുവന്നു . ഈ യാത്ര ഞാൻ വളരെ ആസ്വദിച്ചു.**

# പരസ്യങ്ങളുടെ സ്വാധീനം നിത്യജീവിതത്തിൽ

ആധുനികതയുടെ അവബോധാത്മക മുഖമാണ് പരസ്യം. ആധുനികരാകട്ടെ പരസ്യത്തിന്റെ മായാപ്രപഞ്ചത്തിൽ വസിക്കുന്നവരും വസ്തു ഏതുമാകട്ടെ, വിപണനസാധ്യത

വർദ്ധിപ്പിക്കണമെങ്കിൽ, അനിവാര്യമായ ഘടകം പരസ്യമാണെന്ന നിലയിലേക്ക് ഇന്ന് കാര്യങ്ങൾ

എത്തിച്ചേർന്നിരിക്കുന്നു. ആകർഷകമായ രൂപമാതൃകകളും , ചടുലവും ഹൃദ്യവുമായ വാക്യശൈലികളും




പരസ്യത്തിന് അത്യന്താപേക്ഷിതമാണ്. ആധുനിക വിപണന മാർഗദർശികൾ പരസ്യത്തെ മനുഷ്യന്റെ

ഉപഭോഗസംസ്കാരത്തിന്റെ മുഖകുറിയാക്കി മാറ്റിയതാണ് ഈ നൂറ്റാണ്ടിന്റെ പ്രതിഭാസം.

ഉപ്പ് മുതൽ കർപ്പൂരം വരെയുള്ള ഏതു സാധനത്തിനും പരസ്യം അനിവാര്യമായി തീർന്നിരിക്കുന്നു. മാധ്യമങ്ങളുടെ വളർച്ചതന്നെയാണ് ഇന്നത്തെ ലോകത്തിൽ പരസ്യത്തിനിത്ര പ്രാധാന്യമർഹിക്കുവാൻ കാരണമായിതീർന്നിരിക്കുന്നത് . ഉത്പാദന

മേഖലയുടെ ത്വരിതഗതിയും വ്യത്യസ്ത ഉത്പന്നങ്ങൾ തമ്മിലുള്ള വടംലിയും പരസ്യത്തിനാക്കം കൂട്ടി. അതോടെ ഏതു വസ്തു വിറ്റുപോകണമെങ്കിലും പരസ്യം വേണമെന്ന ഗതിയിലെത്തി. പരസ്യമില്ലാത്ത ഒരു ഉത്പനം, അതത്ര

മികവുറ്റതായി കൊള്ളട്ടെ ഉപഭോക്താവിന് താത്പര്യമില്ലാത്ത അവസ്ഥയും സംജാതമായി. ചങ്ങമ്പുഴയുടെ ശീലിൽ അല്പം വ്യതിയാനം വരുത്തിയാൽ അതിങ്ങനെ പാടാം.....

"എവിടെതിരിഞ്ഞു നോക്കിയാലും

അവിടെല്ലാം പരസ്യപലകമാത്രം"

എല്ലാ മാധ്യമങ്ങളും–പത്രം, റേഡിയോ ടെലിവിഷൻ മുതലായവയെല്ലാം പരസ്യത്തിൽ കുളിച്ചു നിൽക്കുകയാണ് . മാധ്യമങ്ങളുടെ മുഖ്യവരുമാനമാർഗവും പരസ്യങ്ങൾതന്നെയാണ്. അതുകൊണ്ട് അവ എത്രമാത്രം ആകർഷണീയമാക്കാമോ അങ്ങനെ തന്നെ രൂപപ്പെടുത്തിയാണ് ബഹുജന സമക്ഷം എത്തിക്കുന്നത്. ഒരു പത്രത്തിന്റെ മുൻപേജും പിൻപേജും ഇന്ന് പരസ്യമാണ്– അതും വർണ്ണാഭമായ പരസ്യങ്ങൾ.വനിതാമാസികകൾ ഇന്ന് പരസ്യത്തിന്റെ കുത്തരങ്ങാണ്. സർക്കാരിന്റെ സേവനരംഗങ്ങളിലും പരസ്യം അതിക്രമിച്ച് കയറുകയാണ്. ഇത്തരത്തിൽ ജനങ്ങൾ ശ്രദ്ധിക്കുന്ന എന്തിലും പരസ്യത്തിന്റെ നീരാളി കൈകൾ എത്തുകയാണ്.

പുരോഗതിയെന്നതുകൊണ്ട് നഗരവാസികളിൽ മിക്കവരും കരുതുന്നത് ആഡംബര വസ്തുക്കൾ വാങ്ങിക്കൂട്ടുക എന്നതാണ്. പരസ്യം ആദ്യം ഇരയാക്കുന്നത് ഇവരെയാണ്. അൽപം വണ്ണമുള്ള ആളുകൾ ശരീരത്തിന്റെ വണ്ണം കുറക്കുന്ന ഒരു ഉത്പന്നത്തിന്റെ പരസ്യം ശ്രദ്ധിക്കും . മെലിഞ്ഞവരുടെ ആകർഷണീയതയും സുഖസൗകര്യങ്ങളും വർണ്ണിച്ചുകേൾക്കുമ്പോൾ ആ വ്യക്തി ആ ഉൽപ്പന്നത്തിൽ ആകൃഷ്ടനാകും .നരക്കുന്നത് പ്രകൃതിജന്യമാണെങ്കിലും ചിലർക്കത് ദുഷ്ക്കരമാണ്. അങ്ങനെയുള്ളവരെ മുടികറുപ്പിക്കുന്ന ലേപനങ്ങളുടെ പരസ്യം വീഴ്ത്തുമെന്ന് തീർച്ച . അതായത്

ജനതയുടെ ആവശ്യങ്ങൾ അറിഞ്ഞുനടത്തുന്ന ഒരു ആകർഷണോപാധിയായി പരസ്യം മാറി. അതുകൊണ്ടാണ് അതിന്റെ മായാവലയത്തിൽ ആധുനികജനത കുടുങ്ങികൊണ്ടിരിക്കുന്നത്.

മയക്കുമരുന്നുകൾ പോലേ ആളുകളിന്ന് പരസ്യത്തിനടിമകളാകുന്ന കാഴ്ച്ചയാണ് നാം കണ്ട്ക്കൊണ്ടിരിക്കുന്നത് . പരസ്യങ്ങളുടെ സ്വാധീനം ജനങ്ങളെ ചതിക്കുഴികളിലേക്ക് നയിക്കുന്നു . കമ്പനിയുടെ കിടമത്സരമാണ് ആ കുഴികൾക്ക് ആഴം കൂട്ടുന്നത് . പരസ്യങ്ങൾ ആകർഷകമാക്കുക , കുറിക്കുകൊള്ളുന്നതും കവിതപോലെ സുന്ദരവുമായ വാക്യങ്ങൾ പ്രയോഗിക്കുക എന്നതെല്ലാം ഈ മത്സരത്തിന്റെ ഭാഗമാണ്. ഇന്ന് പരസ്യങ്ങൾ പ്രേക്ഷണം ചെയ്യുന്നതും പ്രദർ ശിപ്പിക്കുന്നതും സാമ്പത്തിക ലക്ഷ്യത്തോടെ മാത്രമാണ്.




മിന്നുന്നതെല്ലാം പൊന്നല്ലെന്ന്, പത്രമാസികകളിലെ ലേഖനങ്ങളുടേയും പരസ്യങ്ങളുടേയും പിന്നിൽ അപകടം പതിയിരിക്കുന്നുണ്ടെന്ന് വിവേകത്തോടെ തിരിച്ചറിയണം.

നിരന്തരം കേൾക്കുന്നത് ശരിയായി തോന്നുമെന്ന മനശാസ്ത്രതന്ത്രമാണ് പരസ്യത്തിലുപയോഗപെടുത്തുന്നത്

എന്ന് മനസ്സിലാക്കണം. ജീവിതസുഖങ്ങളുടെ ഒഴുക്കിനൊപ്പം നീങ്ങുന്നത് കാലത്തിന്റെ സ്വഭാവമാണ്

ഗുണദോഷസമ്മിശ്രമായ ചുറ്റുപാടുകളിൽ നിന്ന് നന്മ ഉൾകൊണ്ട് തിൻമയെ അകറ്റുമ്പോഴാണ് ജീവിതം കൂടുതൽ പ്രശോഭമാകുന്നത് . സമൂഹത്തോട് പ്രതിബദ്ധതയുള്ള മാധ്യമങ്ങൾ പഴങ്കഥയായി തീർന്നിരിക്കുന്നു. ഇന്ന് മയക്കികിടത്തുന്ന വിദ്യയായ പരസ്യത്തിന്റെ ദാതാക്കളോട് മാത്രം പ്രതിബദ്ധതയുള്ളവരായി മാധ്യമലോകം മാറുകയാണ്. മനുഷ്യവികാരങ്ങളെ അടിസ്ഥാനചേതനകളെ

എകീകൃതവ്യവസായിക ഇച്ഛകളിലേക്ക് ചുരുക്കുന്ന ഒന്നാണ് പരസ്യം എന്ന് ഓർക്കേണ്ടതുണ്ട്. വൈവിധ്യമെന്ന സങ്കൽപത്തെ തകർത്തുകൊണ്ട് അവയുടേതായ സമവാക്യങ്ങൾ ഉപഭോഗ്താക്കളെ

തളച്ചിടുകയും ചെയ്യുന്ന പരസ്യത്തെ തുടച്ചുനീക്കാൻ കണ്ണും കാതും തുറന്നുവച്ച് സജ്ജരാകേണ്ടതുണ്ട്.

വിവേകത്തിന്റെ ഇരുതല മൂർച്ചയുള്ള വാളുകൊണ്ട് വെട്ടിവീഴ്ത്തേണ്ടതുണ്ട്. മനസ്സിനെ മയക്കുന്ന പരസ്യത്തിന്റെ മായാവലയങ്ങളിൽനിന്ന് പുറത്തുവരാം പ്രഭാതം മുന്നിലാണ് തീർച്ചയായും മുന്നിലാണ്.

ആൻമേരി അഗസ്റ്റിൻ

9A

# മലയാളിയെ മനുഷ്യനാക്കിയ കണ്ണീർക്കണങ്ങൾ

അഗ്നിയെ ദഹിപ്പിക്കാൻ ജലകണങ്ങൾക്കാകും

എന്നാലാജലമൊഗ്നിയായിടിലൊ?

ഇന്നിവിടെ കാടുണ്ട്,നാടുണ്ട്,പുഴയുണ്ട്,വീടുണ്ട്

എല്ലാം ഒരു പ്രളയത്തിൻ ബാക്കിമാത്രം



വർഗ്ഗത്തിൻ വർണത്തിൽ ജാനിതൻ
മതിലുകളൊന്നുമിവിടില്ല;
കൃഷ്ണകുചേലരും ഹിന്ദുവും ക്രിസ്ത്യനും മുസൽമാനും
ഇന്ന് സാഹോദര്യത്തിനൊരുപായയിൽ.

വീടായി ആകാശമുണ്ട്
കൂട്ടിനായി മിന്നും താരകളുണ്ട്
കാവലായി വിണ്ണൻ അമ്പിളി ചന്ദ്രനുണ്ട്
ദുരന്തമായി നെഞ്ചിൽ
ഒരായുസ്സിൻ വിയർപ്പുത്തുള്ളികൾ.

പേറുന്നുമനുജനിന്ന് മഹാപ്രളയത്തിൻ വേദനകൾ
അന്നു നീ ഓർത്തില്ല അമ്മയെ,അവൾതൻ കരുതലിനെ
കാടുകൾ വെട്ടി നീ നാടാക്കി,തൊലിയും കൊമ്പും നീ കാശാക്കി
അമ്മയെ വെറും ചവറ്റുകൊട്ടയാക്കി.

കവർന്നു നീ അവൾതൻ ഹരിതഭംഗികൾ
കുത്തിക്കീറി നീ അവൾതൻ ചങ്കിലെചോര
അമ്മതൻ കണ്ണുനീർ ഒഴുകിയിന്നിതാ
ഒരു ദുരന്തമായി തേടിയെത്തി

ഇത്തിരിപോന്നൊരായുസ്സിൽ വേണ്ടി നീ

കുരുതികൊടുത്തു നിൻ അമ്മയെ;

നശ്വരമാണെന്നും ഓർത്തില്ല,നിഷ്ഫലമാകുമെന്നും നീ ഓർത്തില്ല

നിമിഷങ്ങൾ ജീവനെക്കുമെന്നും നീ അറിഞ്ഞില്ല



സമുദ്രത്തിൻ  അഗാധങ്ങൾ തേടി

വിണ്ണിൻ ഉയരങ്ങൾ താണ്ടി നീ

എന്നാൽ സ്വന്തം വേരുകൾ താങ്ങിയ

ഭൂമിതൻ വേദന നീ കണ്ടെന്നു വച്ചില്ല.

അന്നു നീ പാലിച്ച മൗനം

ഇന്നിതാ ഒടുങ്ങാത്ത അലയടികളായി.

ഇനിയുമീ മൗനം ഭഞ്ജിച്ചില്ലെങ്കിൽ മനുജാ

വീണ്ടുമാതടികളായി നിന്നെ തേടി യെത്തും.

മഹാപ്രളയം;അമ്മതൻ കണ്ണീർ
ഇന്നിതാ നിനക്കൊരു പാഠമായി.
അമ്മയെ മറന്ന് കെട്ടിപടുക്കല്ലേ മനുജാ
അവൾതൻ ശാപം നീ പേറീടല്ലേ!

എങ്കിലുമാ കണ്ണുനീരിന്ന്അകതാരിലെ
അകലങ്ങൾ തകർത്തിരിക്കുന്നു.
മതിലുകൾ ഇന്ന് പാലങ്ങളായി
പാലങ്ങളിന്ന് ഒരുമതൻ കൈകളായി.

ഒട്ടിയവയറിനുടമതൻ സ്വപ്നവും
പൊട്ടുന്നവയറിനുടമതൻ മോഹവും
ഇന്നെല്ലാം ഒന്നുതന്നെ. ജാതിപേരില്ല
വിവേചനങ്ങളില്ലങ്ങനെ മലയാളിയിന്ന്
മനുഷ്യനായി.

ഇന്നിത് ദൈവത്തിൻ മണ്ണ്
ദുഷ്ടകരങ്ങളിൽ നിന്നും പ്രളയപ്രവാഹത്തിൽ
അവിടുന്ന് തിരികെനേടി.
ഈ നാടിൻ പോയ്പോയ കാലങ്ങളൊക്കെയും.

ഉളുമ്പിൻ മണമുള്ള മനുഷ്യരിന്ന്
നാടിൻ രക്ഷകരായി
നാടിൻതൻ കാവൽക്കാരിന്ന്
നാടിൻ സോദരരായി.

**മറക്കരുത് അവരെ നീ**

**മറക്കരുത് അവളെയും ;നിൻ അമ്മയാം പ്രകൃതിയെ തന്നെ**

ആൻമേരി അഗസ്റ്റ്ൻ

9A

# മനസിലൊരിടം

എന്നിൽനിന്നും വേർപിരിഞ്ഞു നീ

എന്നെ വിട്ടുപോയിമറഞ്ഞു നീ എങ്കിലും-

മനസിലൊരിടം ഞാൻ നിനക്കായി

കാത്തുവച്ചുയെൻ കൂട്ടുകാരി

എന്നിൽനിന്നും നീ പോയിമറഞ്ഞാലും

എൻ മനസിലൊരിടത്തിലെന്നും

നീ ഉണ്ടാവുമെൻ പ്രിയ സഖി...

എങ്ങുപോയി നീയെൻ കൂട്ടുകാരി

എന്നെ വിട്ടെങ്ങു പോയി നീ..

എന്റെ മനസിലൊരിടത്തിൽ

കാത്തിരിക്കുന്നു ഞാൻ നിനക്കായി

എൻ ഹൃദയത്തിൽ നീയെന്നുമുണ്ടാകുനെന്നരുകിൽ

കാത്തിരിക്കുന്നു ഞാൻ നിനക്കായി

ജീന തോമസ്

7D

# സ്നേഹത്തിന്റെ പൂമൊട്ടുകൾ

പണ്ട് ഒരു ഗ്രാമത്തിൽ ഒരു അനിയത്തിയും ചേച്ചിയും ഉണ്ടായിരുന്നു.

ചേച്ചിയുടെ പേര് ദിവ്യ എന്നും അനുജത്തിയുടെ പേര് നിവ്യ എന്നായിരുന്നു.അഞ്ചാം വയസ്സ് വരെ നിത്യക്ക് അമ്മയായിരുന്നു എല്ലാം . അമ്മയുടെ മരണശേഷം നിത്യക്ക് ദിവ്യയായി പിന്നെല്ലാം. അച്ഛനവരെ ഉപേക്ഷിച്ചു. അങ്ങനെ അവർ അനാഥരായി . അവർ പരസ്പരം സ്നേഹമുള്ളവരും നന്മയുള്ളവരുമായിരുന്നു. ദിവ്യ തന്റെ അനുജത്തിക്ക് വേണ്ടി എല്ലാം ചെയ്യുമായിരുന്നു. തന്റെ വീട്ടിലെ



പട്ടിണിമാറ്റുവാനായി അവൾ പത്താം വയസ്സ് മുതൽ കൂലിപണിചെയ്താണ് അവൾ അനിയത്തിയെനോക്കിയത്. തന്റെ അനുജത്തിയെ പഠിപ്പിച്ച് വലിയ ഒരാളാക്കണമെന്നായിരുന്നു ദിവ്യക്ക്.

തന്റെ അനിയത്തി വളരുന്നത് അവൾ അറിഞ്ഞിരുന്നില്ല. എന്നാൽ നിത്യ കോളേജിൽ എത്തിയപ്പോഴാണ് ദിവ്യക്ക് ഒരു കല്യാണാലോചന വന്നത് . അപ്പോൾ കല്യാണാലോചനയുമായി

വന്നവരോട് ദിവ്യ പറഞ്ഞു എനിക്കൊരു അനിയത്തിയുണ്ട് അവളെ ഒരു വലിയ ഡോക്ടറാക്കണമെന്നാണ് ആഗ്രഹം. അതുകൊണ്ട് എനിക്ക് ഇപ്പോൾ കല്ല്യാണമൊന്നും വേണ്ടെന്നുപറഞ്ഞ് അവരെ അവൾ മടക്കി അയച്ചു. അങ്ങനെ അവൾ സ്വന്തം ഭാവി പോലും നോക്കാതെ നിത്യയെ ഡോക്ടറാക്കി അതിനുശേഷം നിത്യയെ ഒരു വലിയ കുടുംബത്തിലേക്ക് കല്യാണം കഴിച്ച് അയച്ചു.അവൾക്ക് അവളുടെ ചേച്ചിയെ ഒരു ഭാരമായി തോന്നിതുടങ്ങി. അവൾ തന്റെ ഭർത്താവിനോട് പറഞ്ഞു ചേച്ചിക്ക് വയസ്സായി നമ്മുക്ക് ചേച്ചിയെ അനാഥാലയത്തിൽ വിട്ടാലോ . അതാകുമ്പോൾ നമ്മുക്ക് ചേച്ചിയുടെ കാര്യങ്ങൾ നോക്കണ്ടല്ലോ. ശരി എന്ന് ഭർത്താവ് പറഞ്ഞു. പിറ്റേന്നവർ കുട്ടികളെ സ്ക്കൂളിലേക്ക് അയച്ചു . അനാഥാലയത്തിലേക്ക് യാത്ര തുടങ്ങി. അവിടെ ചെന്നപ്പോഴാണ് ചേച്ചിക്ക് മനസ്സിലായത്. തന്നെ ഇവർ ഉപേക്ഷിക്കാൻ വന്നതാണെന്ന് . ചേച്ചി അപ്പോൾ അവരോട് പറഞ്ഞു . മക്കളെ നിങ്ങൾക്ക് ഇപ്പോൾ ഈ ചേച്ചിയൊര് ഭാരമായി അല്ലേ. എന്റെ ജീവിതം തന്നെ ഒഴിഞ്ഞ് വെച്ചാണ് നിന്നെ ഞാൻ ഇത്രയും വലിയ നിലയിൽ എത്തിച്ചത് . അത് നീ ഒരിക്കലും മറക്കരുത്. മറക്കില്ല

എന്ന് കരുതുന്നു. ഈ ചേച്ചിക്ക് വയസ്സാവാൻ തുടങ്ങി. ചേച്ചി മരിച്ചുകഴിയുമ്പോൾ ഒരുതരി മണ്ണുവാരിയിടുവാൻ

നീ നിന്റെ മക്കളെയും കൊണ്ട് വരണം അത് ഈ ചേച്ചിയുടെ ആഗ്രഹമാണ്. പൊയിക്കൊ സന്ധ്യാവാനായി

മക്കൾ ഇപ്പോൾ വരും അവർ നിങ്ങളെ കണ്ടില്ലെങ്കിൽ വിഷമിക്കും പൊയിക്കോ.

**അപ്പോഴാണ് ചേച്ചിയുടെ ഓർമകൾ അവളെ തലോടിയത്. അവൾ ചേച്ചി എന്ന് വിളിച്ച് ഓടികൊണ്ട് ചേച്ചിയേ വാരി പുണർന്നു . അവർ ചേച്ചിയേ അനാഥാലയത്തിൽ നിന്ന് ചേച്ചിയേ കൊണ്ട് പോയി . അങ്ങനെ ആ കുടുംബം സന്തോഷത്തോടയും സമാധാനത്തോടെയും ജീവിച്ചു.**

അനാമികാ ഗോപി
7B

ജാതീയമായ അവശതകൾക്ക്
എതിരായ സമരങ്ങളിൽ നിന്ന്
തുടങ്ങി ജനജീവിതത്തെയാകെ മാറ്റിമറിക്കുന്ന ഒന്നായി നവോത്ഥാനം മാറി.
ഉന്നതരെന്ന് വിശേഷിപ്പിക്കുന്ന
വിഭാഗങ്ങളുടെ ജീവിതത്തെയും ഇത് ജനാധിപത്യ വൽക്കരിച്ചു.




# നവോത്ഥാനം കേരളത്തിൽ

**ജിൽന വിമൽ**

കേരളത്തിലെ സാമൂഹിക ജീവിതത്തിൽ നിർണായകമായ വഴിത്തിരിവുകൾ ഉണ്ടായിട്ടുള്ള ചില ചരിത്ര സംഭവങ്ങളുണ്ട് . അക്കൂട്ടത്തിൽ സുപ്രധാനമായ ഒന്നാണ് 1936 നവംബർ 12 ന് തിരുവിതാംകൂർ സർക്കാർ പ്രഖ്യാപിച്ച ക്ഷേത്രപ്രവേശന വിളംബരം.

ക്ഷേത്രപ്രവേശനവിളംബരത്തിന്റെ എൺപത്തിരണ്ടാം വാർഷികം

ആചരിക്കുന്ന സമയമാണ് ഇത്. തിരുവിതാംകൂറിലെ രാജാവായിരുന്ന ശ്രീ ചിത്തിരതിരുന്നാൾ ബാലരാമവർമ്മ യാണ് ഈ വിളംബരം പുറപ്പെടുവിച്ചത്. രാജ്യം ശ്രദ്ധിച്ച തിരുവിതാംകൂറിലെ പരിഷ്കാരങ്ങളിൽ ഒന്നായിരുന്നു ഇത്. കേരള സമൂഹത്തിൽ രൂപപ്പെട്ട് വന്ന നവോത്ഥാന ആശയങ്ങൾ മുന്നോട്ടു വെച്ച സമരങ്ങളുടെ ഭാഗമായി കൂടിയാണ് അത്തരമൊരു വിളംബരം ഉണ്ടായത് . ശ്രീനാരായണഗുരുവിനെ പോലെയുള്ള അനേകം നവോത്ഥാന നായകരുടെ സമർപ്പിതജീവിതം ജനാധിപത്യപരമായ സ്വപ്നങ്ങൾക്ക്

കേരളത്തിൽ തുടക്കം കുറിച്ചു. ദേശീയപ്രസ്ഥാനം ശക്തിപ്രാപിച്ചതോടെ സാമ്രാജ്യത്വത്തിനെതിരായ സമരത്തിനൊപ്പം നവോത്ഥാനപരമായ മുദ്രാവാക്യങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ കൂടി ഉയർന്നു വന്നു . വൈക്കം ഗുരുവായൂർ പോലുള്ള സത്യഗ്രഹ സമരങ്ങളിലേക്ക് അത് വളർന്നു. അനാചാരങ്ങൾക്കെതിരെയുള്ള വലിയ മുന്നേറ്റമായി ഇത് മാറി . ഭരണസംവിധാനങ്ങൾക്ക് ഇതിൻറെ ആശയങ്ങൾ ഉൾക്കൊണ്ട് നിയമനിർമാണം നടത്തേണ്ട സ്ഥിതിയുമുണ്ടായി.ക്ഷേത്രപ്രവേശന വിളംബരം ഉൾപ്പെടെയുള്ളവ രൂപപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്.

ജാതീയമായ അവശതകൾക്ക് എതിരായ സമരങ്ങളിൽ നിന്ന് തുടങ്ങി ജനജീവിതത്തെയാകെ മാറ്റിമറിക്കുന്ന ഒന്നായി നവോത്ഥാനം മാറി . ഉന്നതരെന്ന് വിശേഷിപ്പിക്കുന്ന വിഭാഗങ്ങളുടെ ജീവിതത്തെയും ഇത് ജനാധിപത്യ വൽക്കരിച്ചു . വിവാഹം, ദായക്രമം ,അനാചാരങ്ങൾ തുടങ്ങിയവയിൽ ഉൾപ്പെടെ മാറ്റങ്ങൾ വരുത്തുകയും ചെയ്തു . അടിച്ചമർത്തപ്പെടുകയും അകത്തളങ്ങളിൽ ഒതുങ്ങി കൂടുകയും ചെയ്ത സ്ത്രീകളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്ന ഒന്നായും ഇത് മാറി. സാഹിത്യത്തിലും സംസ്കാരത്തിലും പുതിയ അവബോധത്തിന് ഇത് അടിസ്ഥാനമിട്ടു. ഇങ്ങനെ കേരളത്തിലെ എല്ലാ വിഭാഗം ജനതയുടെയും ജീവിതത്തെ ജനാധിപത്യ വൽക്കരിച്ച മുന്നേറ്റമായിരുന്നു നവോത്ഥാനം.

# നെഹ്രുവിന്റെ പ്രശസ്തമായ വാക്കുകൾ



മഹാത്മജിയും ഞാനും പിന്നെ എണ്ണിയാൽ തീരാത്ത മറ്റ് ദേശാഭിമാനികളും ജയിൽ ജീവിതത്തിലെ അനുഭവങ്ങൾ ഏറ്റുവാങ്ങിയതും ഇംഗ്ലീഷുകാരുടെ മർദ്ദനമുറകൾ സഹിച്ചതും കുറേപേരുടെ ജീവിതങ്ങൾ തൂക്കുകയറിൽ ഒതുക്കിയതും സമരംചെയ്ത് സ്വാതന്ത്ര്യം നേടിയെടുത്ത കുറച്ചുപേർ മാത്രം സുഖിച്ച് ജീവിക്കാൻ ആയിരുന്നില്ല. ഒരു നാടിന്റെ യഥാർത്ഥ ശക്തിയെ വെളിപ്പെടുത്തുന്ന ഘടകംആ നാട്ടിലെ ജനങ്ങളുടെ അധ്വാനിക്കാനുള്ള കഴിവാണ്. അതും അച്ചടക്കത്തോടെ പരസ്പരസഹകരണ- വിശ്വാസങ്ങളോടെ

അധ്വാനിക്കുവാനുള്ള കഴിവ് . കഠിനാധ്വാനം മാത്രമേ നമുക്ക് സമൃദ്ധി നൽകുകയുള്ളൂ.

ദാരിദ്ര്യം ഒഴിയട്ടെ.... ദാരിദ്ര്യം ഒഴിയട്ടെ..... എന്ന് പൊതുവേദികളിൽ ശബ്ദങ്ങൾ ഉയർത്തിയിട്ട് ഒരു കാര്യവുമില്ല. അതിനുവേണ്ടി പ്രയത്നിക്കണം.

ശ്വാസതടസ്സം, ഗ്യാസ് ട്രബിൾ, തലകറക്കം, മനംപുരട്ടൽ
തുടങ്ങി മറ്റ് ചില ലക്ഷണങ്ങളാണ്
സ്ത്രീകളിൽ കാണാൻ സാധിക്കുക.
നെഞ്ച് വേദന ഉണ്ടായാൽ പോലും
സ്ത്രീകൾ ആണെങ്കിൽ അതിനെ സാരമാക്കാറില്ല.



# സ്ത്രീകളിലെ ഹൃദ്രോഗം

## നന്ദന കെ വി

സ്ത്രീകൾക്ക് ഹൃദയാഘാതം ഉണ്ടാകില്ല എന്ന തെറ്റായ ഒരു ധാരണയുണ്ട് . പുരുഷന്മാരെ മാത്രം അടിസ്ഥാനമാക്കി ഹൃദയസംബന്ധമായ പഠനങ്ങൾ നടത്തിയത് കൊണ്ടാണ് ഇത്തരമൊരു അബദ്ധധാരണ ജനങ്ങളിൽ കൂടുതൽ

എത്തിയത്. ഏറെ ശ്രദ്ധേയമായ ഒരു കാര്യം സ്ത്രീകളിലെ ഹൃദ്രോഗം പുരുഷന്മാർക്ക് ഉണ്ടാവുന്നതിനേക്കാൾ വളരെയേറെ മാരകമായി ഉണ്ടാവാറുണ്ട് എന്നതാണ്. ഉണ്ടായതിനുശേഷം മറ്റൊന്ന് ഉണ്ടാകാനുള്ള സാധ്യത പുരുഷന്മാരേക്കാൾ സ്ത്രീകളിലാണ് കൂടുതൽ.



സ്തനാർബുദം മൂലം ധാരാളം സ്ത്രീകൾ മരണപ്പെടാറുണ്ടെങ്കിലും ഇതിൽ കൂടുതൽ സ്ത്രീകളും മരിക്കുന്നത് ഹൃദ്രോഗം മൂലമാണ്. ഹൃദ്രോഗികൾ ആയ സ്ത്രീകളിൽ 34 ശതമാനം പേരുണ്ടെങ്കിൽ രോഗങ്ങളുടെ ഫലമായി മരിക്കുന്ന സ്ത്രീകളുടെ നിരക്ക് 29 ശതമാനം മാത്രമാണ്.സ്ത്രീകളിൽ ഹൃദ്രോഗം ഉണ്ടാകുമ്പോൾ ലക്ഷണങ്ങൾ പ്രകടമാകാറില്ല അതുകൊണ്ടുതന്നെ ചികിത്സിക്കാൻ താമസിക്കുന്നത് മരണ വേഗം വർധിപ്പിക്കുകയും ചെയ്യും. നെഞ്ചുവേദന ഹൃദയാഘാതത്തിന് ഒരു പ്രധാന ലക്ഷണമാണ്. എന്നാൽ ഇത് സ്ത്രീകളിൽ എപ്പോഴും അനുഭവപ്പെടുകയില്ല. നെഞ്ചുവേദന, ശ്വാസതടസ്സം, ഗ്യാസ് ട്രബിൾ, തലകറക്കം, മനംപുരട്ടൽ തുടങ്ങി മറ്റ് ചില ലക്ഷണങ്ങളാണ് സ്ത്രീകളിൽ കാണാൻ സാധിക്കുക. നെഞ്ച് വേദന ഉണ്ടായാൽ പോലും സ്ത്രീകൾ ആണെങ്കിൽ അതിനെ സാരമാക്കാറില്ല . സ്ത്രീകൾ മറ്റൊരു കാര്യത്തിൽ കൂടി


നിർഭാഗ്യവതികളാണ് ഹൃദ്രോഗ നിർണയത്തിന് ഉപയോഗിക്കുന്ന പല പരിശോധനകളും അവരുടെ കാര്യത്തിൽ ഫലപ്രദമാകുന്നില്ല എന്നതാണ് . അഭിപ്രായം ഖണ്ഡിതമായി പറയാൻ കഴിയാത്ത തരത്തിൽ ഇസിജി ടെസ്റ്റ് ഫലം സ്ത്രീകളിലാണ് കൂടുതൽ കണ്ടുവരുന്നത്. സ്ത്രീകളെ ഹൃദ്രോഗത്തിലേക്കു നയിക്കുന്ന റിസ്ക് ഫാക്ടറികളിൽ ഗർഭനിരോധന ഗുളികകളുടെ ദുർവിനിയോഗം കൂടി ഉൾപ്പെടുന്നു. അതേസമയം ആർത്തവം ഉള്ള സ്ത്രീകളിൽ കാണുന്ന ഈസ്ട്രോജൻ എന്ന ഹോർമോൺ സ്ത്രീകളെ ഹൃദ്രോഗത്തിൽ നിന്ന് ഒരു പരിധിവരെ രക്ഷിക്കും. നല്ല കൊളസ്ട്രോൾ അളവ് വർദ്ധിപ്പിക്കുകയും ചെയ്യും.



അമിതരക്തസമ്മർദം വിരാമത്തോടെ ഈസ്ട്രോജന്റെ പരീക്ഷണം നഷ്ടമാവുമ്പോൾ സ്ത്രീകൾ സാവധാനം ഹൃദ്രോഗത്തിലേക്കു വഴുതി വീഴുന്നു . ആർത്തവം നിലച്ച സ്ത്രീകളെ ഹൃദ്രോഗസാധ്യത യിൽനിന്ന് പരിരക്ഷിക്കാൻ ഉള്ളതാണ് ഹോർമോൺ പുനരുദ്ധാന ചികിത്സ. ആർത്തവം നിലക്കുന്നതിന് മുമ്പ് സ്ത്രീകൾ സ്വാഭാവികമായി ഉത്പാദിപ്പിക്കുന്ന അതേ അളവിലുള്ള ഹോർമോൺ സ്ഥിരമായി സ്ത്രീകൾക്ക് നൽകുക എന്നതാണ് ചികിത്സയിൽ

അടങ്ങിയിട്ടുള്ളത്. ഈസ്ട്രോജൻ തെറാപ്പി എടുത്ത് സ്ത്രീകളിൽ ഹൃദ്രോഗം മൂലമുള്ള മരണനിരക്ക് 53% കുറയാൻ കഴിഞ്ഞതായി ഒരു പഠനം ചൂണ്ടിക്കാട്ടുന്നു . എന്നാൽ ഈസ്ട്രോജൻ തെറാപ്പിക്ക് ചില പാർശ്വഫലങ്ങളുമുണ്ട്. ഈ ചികിത്സയ്ക്ക് വിധേയരായവരിൽ സ്തനാർബുദവും ഗർഭാശയ ക്യാൻസറും മറ്റും ഉണ്ടാകാൻ സാധ്യത കൂടുതലാണ്. അതിനാൽ പാരമ്പര്യമായി ഹൃദ്രോഗ സാധ്യത ഉള്ളതും പുകവലി, പ്രമേഹം, അമിത കൊളസ്ട്രോൾ, അമിതവണ്ണം, തുടങ്ങിയ റിസ്ക് ഫാക്ടറുകൾ ഉള്ളവരും ഈസ്ട്രോജൻ ഹോർമോൺ തെറാപ്പി ഡോക്ടറുടെ നിർദേശപ്രകാരം മാത്രമേ കൈക്കൊള്ളാൻ പാടുള്ളൂ . ചുരുക്കത്തിൽ ഹൃദ്രോഗത്തെ തള്ളിക്കളയരുത്. നെഞ്ചുവേദന പോലുള്ളവ ഉണ്ടായാൽ ഉടൻ വൈദ്യസഹായം തേടുക.

ഇത്തരമൊരു സാഹചര്യത്തിൽ എല്ലാം
കലികാലവൈഭവം എന്ന പഴഞ്ചൻ
മട്ടിൽ പിറുപിറുത്തിരിക്കുകയല്ല വേണ്ടത്.
ഒരു തിരിച്ചുപോക്കിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു.



# വായന മരിക്കുന്നുവോ

## കാർത്തിക രതീഷ്

വായനയുടെ ലോകം ശുഷ്കമായിരിക്കുന്നു എന്നത് ഒരു സത്യം തന്നെയാണ് . പുതുതലമുറയിൽ വലിയൊരു പങ്കും സാമൂഹിക സാമ്പത്തിക സ്ഥിതിയിൽ ചെറുതല്ലാത്ത ഉയർച്ച കൈവരിക്കണമെന്ന് ആത്മാർത്ഥമായിത്തന്നെ ആഗ്രഹിക്കുന്നവരാണ്. അതേസമയം സാംസ്കാരിക അധപതനം എന്ന അവസ്ഥയുടെ ഗതികേടിനെ കുറിച്ച് വേണ്ടവിധത്തിൽ അവർ

ആലോചിക്കുന്നില്ല താനും . കുട്ടികളുടെ കൺമുമ്പിൽ അവസരങ്ങളുടെ മലവെള്ളപ്പാച്ചിൽ ഏത് തെരഞ്ഞെടുക്കണമെന്ന അമ്പരപ്പ് ഭാവിയിലേക്ക് ഉതകുന്ന ഒന്നിനെ നോട്ടമിട്ട് അതിനെ കൈക്കലാക്കാനുള്ള നെട്ടോട്ടം . മുതിർന്നവർ ആകട്ടെ പരിശീലകരുടെ റോൾ ഭംഗിയാക്കാൻ ഉള്ള തത്രപ്പാടിലും. ഇവിടെ ഏത് ഉണ്ണി വാരിയർ. ഏത് നളചരിതം. തകഴി ശിവശങ്കരപ്പിള്ളയും അതാരാ. ഇന്ന് തീർത്തും നിഷ്കളങ്കമായി അവർ തിരിച്ചു ചോദിച്ചാൽ ഒട്ടും അതിശയിക്കരുത്. ഇത്തരമൊരു സാഹചര്യത്തിൽ എല്ലാം കലികാലവൈഭവം എന്ന പഴഞ്ചൻ മട്ടിൽ പിറുപിറുത്തിരിക്കുകയല്ല വേണ്ടത് . ഒരു തിരിച്ചുപോക്കിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു . അതിന് നേതൃത്വം നൽകേണ്ടത് വായനയുടെ സുഖവും സന്തോഷവും വേണ്ടുവോളം അനുഭവിച്ചറിഞ്ഞിട്ടുള്ള ഇന്നും സ്നേഹപൂർവ്വം നെഞ്ചേറ്റി ലാളിക്കുന്ന സഹൃദയർ തന്നെയാണ്. അത്തരക്കാരുടെ വേസ്റ്റ് പോകും മുമ്പേ പ്രവർത്തനങ്ങൾക്ക് ശരവേഗം നൽകുക. ഒരു പ്രഭുവിന്റെ രക്തത്തെക്കാൾ വില കൂടിയതാണ് ഒരു പിച്ചക്കാരന്റെ പുസ്തകം എന്നെഴുതിയ ഷേക്സ്പിയർ പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ് എന്ന് മറ്റൊരു നാടകത്തിൽ പറയുകയുണ്ടായി. ഇത് ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. മനുഷ്യർ മൃഗ സമാനനായി അധപതിച്ചതിന്റെ പരിണിതഫലങ്ങൾ പത്രത്തിലൂടെയും മറ്റും നാം വായിച്ച് അറിയുന്നുണ്ട്. മികച്ച ഭക്ഷണം മക്കൾക്ക് നൽകി ആരോഗ്യമുള്ള ശരീരം ഉണ്ടാക്കുന്നതിൽ അതീവ ശ്രദ്ധാലുക്കളാണ് അച്ഛനമ്മമാർ. എന്നാൽ അവർ സാംസ്കാരികമായി എവിടെ നിൽക്കുന്നു എന്നും എവിടെ എത്തുമെന്നും ഒരു ധാരണ പലർക്കും ഇല്ല . അത്തരമൊരു ചിന്ത ഇല്ലായ്കയാൽ ആണ് പ്രൊഫഷണൽ ബിരുദധാരികൾ പോലും ഗുണ്ടായിസം എന്ന ലേബലിൽ കുപ്രസിദ്ധി നേടുന്നത്. മുതിർന്നവർക്ക് പോലും മാതൃകയാകാൻ കുട്ടികൾക്ക് കഴിയും കഴിയണം. പുസ്തകങ്ങൾ വായിച്ചും അതിലെ കാഴ്ചകൾ കാണാതെ കണ്ടും നമുക്ക് വളരാം. ഉയർന്ന ചിന്ത ശക്തിയുള്ള ഉത്തമ പൗരന്മാരായി തന്നെ.

ഇളം തലമുറയിലൂടെ ആസന്നമരണനായ വായനാലോകത്തിന് ജീവവായു കിട്ടുമെന്ന് പ്രതീക്ഷിക്കാം.

മലയാളത്തിന് പ്രാധാന്യം കണക്കിലെടുത്ത്
തിരൂരിൽ മലയാളം സർവ്വകലാശാല ആരംഭിച്ചിട്ട്
അധികം കാലമായിട്ടില്ല. ഇതിനുശേഷം നമ്മുടെ മാതൃഭാഷയ്ക്ക്
ലഭിച്ച ഏറ്റവും വലിയ നേട്ടമാണ് ശ്രേഷ്ഠഭാഷാപദവി.



# ശ്രേഷ്ഠ ഭാഷ മലയാളം

## നെജ ഷെറിൻ

ഓരോ മലയാളിക്കും ഏറെ ആഹ്ലാദവും അഭിമാനവും നൽകിയ ദിനമായിരുന്നു 2013 മെയ് 13. നമ്മുടെ മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നൽകിക്കൊണ്ടുള്ള തീരുമാനം കേന്ദ്രസർക്കാർ പുറത്തിറക്കിയത് അന്നാണ്.

'ക്ലാസിക്കൽ ലാംഗേജ്' മലയാളത്തോട് ചേർത്തു വയ്ക്കാവുന്ന ഏറ്റവും മികച്ച ഇംഗ്ലീഷ് വിശേഷണമാണ് ഇത്. ഉൽകൃഷ്ടം, ശ്രേഷ്ഠം എന്ന് ഒക്കെ ആണ് ക്ലാസിക്കൽ എന്ന വാക്കിനർത്ഥം.ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന നാലാമത്തെ ദക്ഷിണേന്ത്യൻ ഭാഷയാണ് മലയാളം. തമിഴ് തെലുങ്ക് കന്നട തുടങ്ങിയവയാണ്

മറ്റ് മൂന്ന് ഭാഷകൾ.

ഇന്ത്യയിൽ ചെറുതും വലുതുമായി എഴുന്നൂറോളം ഭാഷകളുണ്ട്. ലിപിവ്യവസ്ഥയും സാഹിത്യ പരമ്പരയും ഒക്കെ കണക്കിലെടുത്താൽ ഇവയിൽ വെറും 15 ലേറെ ഭാഷകൾക്കേ വികസിത ഭാഷകളുടെ പട്ടികയിൽ സ്ഥാനമുള്ളൂ . ഇക്കൂട്ടത്തിൽപ്പെടുന്ന മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നൽകണമെന്ന് കേന്ദ്രസാഹിത്യ അക്കാദമിയുടെ ഭാഷാവിദഗ്ധ സമിതി 2012 ൽ കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. അതാണിപ്പോൾ സഫലമായിരിക്കുന്നത്.



മലയാളത്തിന് പ്രാധാന്യം കണക്കിലെടുത്ത് തിരൂരിൽ മലയാളം സർവ്വകലാശാല ആരംഭിച്ചിട്ട് അധികം കാലമായിട്ടില്ല. ഇതിനുശേഷം നമ്മുടെ മാതൃഭാഷയ്ക്ക് ലഭിച്ച ഏറ്റവും വലിയ നേട്ടമാണ് ശ്രേഷ്ഠഭാഷാപദവി . ഇത് മലയാളം സർവകലാശാലയ്ക്കും ഗുണംചെയ്യും. ഭാഷാവികസനത്തിനും ഗവേഷണത്തിനുമായി 100 കോടിയോളം രൂപയുടെ കേന്ദ്രസഹായം ആണ് ഇനി കേരളത്തിന് ലഭിക്കുക.

നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട് നമ്മുടെ മലയാളത്തിന് . തമിഴും സംസ്കൃതവും അടക്കമുള്ള ഭാഷകളുടെയും മഹാന്മാരായ പണ്ഡിതരുടെയും സഹായത്തോടെയാണ് മലയാളഭാഷ വളർന്ന് ഇന്നത്തെ രൂപത്തിലെത്തിയത്. മലയാളഭാഷയെയും സംസ്കാരത്തെയും സംരക്ഷിക്കാൻ ഓരോ മലയാളിക്കും കഴിയണം.

ജനലിലൂടെ അപ്പോഴാണ് ഖദീജയെ കണ്ടത്.
പാത്രം കഴുകുകയായിരുന്നു. 12 വയസുള്ള പെൺകുട്ടി
അവിടെ ഉള്ള എല്ലാ ജോലിയും എടുക്കും.
ഒരു നിമിഷം അവൾ അവിടുത്തെ ജോലിക്കാരി ആണെന്ന് ഞാൻ ചിന്തിച്ചുപോയി.
എന്തുമാത്രം ജോലിയാണ് ആ കുട്ടി ചെയ്യുന്നത്.



# മഴയുള്ളരാത്രി

മുഹമ്മദ് മുഫീദ്

അനന്തതയുടെ പടിവാതിലിൽ ഒരു നിമിഷം അയാൾ നിലച്ചിരുന്നു . മകൾ തന്റെ പൊന്നോമന അവൾ എവിടെയോ ..... എങ്ങോ..... മറഞ്ഞു പോയി . മകൾക്ക് വേണ്ടി അയാൾ കാത്തിരുന്നത് പത്തുവർഷം. അയാൾ ആരാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും മധു എന്ന മധുപാൽ . മകളെ തനിക്ക് നഷ്ടമാകുമ്പോൾ അന്ന് അവൾക്ക് രണ്ട് വയസ്സ്. അമ്മയില്ലാത്ത അവൾക്ക് അമ്മയായിരുന്നു താൻ. ഒരുനിമിഷംപോലും തന്നെ പിരിഞ്ഞിരിക്കാൻ പറ്റാത്ത തന്റെ മീനാക്ഷിക്കുട്ടി പത്തുവർഷം ഈ അച്ഛനില്ലാതെ എവിടെയോ

എങ്ങനെയോ ജീവിക്കുന്നു. ഒരു മഴയുള്ള രാത്രിയിൽ ഉത്സവപ്പറമ്പിൽ നിന്നും മകളെ കൈവിട്ടുപോയപ്പോൾ തകർന്ന ജീവിതം ഇനിയും നേരെയായിട്ടില്ല . പലയിടങ്ങളിലായി താമസിച്ചു. പൊന്നുമോൾക്ക് വേണ്ടിയുള്ള തിരച്ചിൽ ഇനിയും അവസാനിച്ചിട്ടില്ല. എന്നെങ്കിലും ഈ അച്ഛനെ തിരിച്ചറിഞ്ഞ് മകൾ വരുമെന്നുള്ള പ്രതീക്ഷയുണ്ട്.

ആഗസ്റ്റ് 5 ഒരു പുതിയ നോവലിനുള്ള പശ്ചാത്തലം എന്നോളം താൻ മാഹിയിലേക്ക് യാത്രയായി. എന്തുകൊണ്ടും മനോഹരമായ സ്ഥലം. മയ്യഴിപ്പുഴ അതിമനോഹരമാണ്. ഒഴുക്കിൽ തന്റെ പ്രിയതമനായ കടലിനോട് പ്രണയം പങ്കിടുന്ന പുഴയെ കണ്ടുകൊണ്ടിരിക്കാൻ തോന്നും . രാത്രി എട്ടുമണിക്ക് താൻ അവിടെ എത്തിച്ചേർന്നു. കടൽ തീരത്തുള്ള ഒരു വാടക വീട്. പരിചയത്തിലുള്ള ഒരു വഴികാട്ടി. മകളെ തിരഞ്ഞുള്ള ഒരു വരവ് കൂടിയാണ് യാത്ര . വിഷാദത്തിൽ ആണ്ടുകിടക്കുന്ന ജീവിതം പങ്കിടുവാൻ കടലമ്മ കൂടെയുള്ളത് വളരെ ആശ്വാസമാണ്. സമയം പോകുന്നത് അറിയുകയേ ഇല്ല. പെട്ടന്നാണ് ഒരു വിളി കേട്ട് ഞെട്ടിയത്.

" എടീ ഖദീജെ നീ എന്തെടുക്കുവാ? ഇങ്ങോട്ട് വാടീ. എന്തു കൂട്ടം പണിയിവിടെ കിടക്കുന്നു. ഇത് വല്ലതും അറിയുന്നുണ്ടോ? മതി കളിച്ചത് വലിയ കുട്ടിയായിട്ട് കളിക്കാൻ പോയിരിക്കുകാ. നീ ഇങ്ങോട്ട് വാ പെണ്ണെ"

തൊട്ടടുത്തുള്ള വീട്ടിലെ ഉമ്മ അവരുടെ മകളെ വിളിച്ചതായിരുന്നു . കളിച്ചുകൊണ്ടിരുന്ന മകൾ, ഒരു നിമിഷം ഞാനെൻറെ മകളെ ഓർത്തുപോയി . പാദസരത്തിന്റെ കിലുക്കം കേട്ടാണ് നോക്കിയത് . പട്ടു പാവാട ഉടുത്ത ഓടിവരുന്ന അതിസുന്ദരിയായ പെൺകുട്ടി . അവളാണ് ഖദീജ എൻറെ മകളും ഏകദേശം ഇതേ പ്രായമാകും.

" നീ എന്തു കളിച്ചുകൊണ്ടിരിക്കുവാടീ ? എത്രനേരമായി വിളിക്കുന്നു"

"ഏതുസമയത്തും ഖദീജ ഖദീജ എന്നുമാത്രല്ലേ ഉമ്മ വിളിക്കു . വേറൊരു മകളും കൂടി ഇല്ലേ ഉമ്മാടെ പുന്നാര പാത്തുട്ടി . അവളെക്കൊണ്ട് ഉമ്മ ഒന്നും അങ്ങനെ

നിർബന്ധിച്ച് എടുപ്പിക്കില്ല. അവളൊരു മടിച്ചിയാകുന്നതൊന്നും ഉമ്മ അറിയേണ്ട."



" ഒന്നടങ്ങു ഖദീജ അവളെ നിനക്കറിയില്ലേ"

" ഓ ഉമ്മാനെ സ്ഥിരം പല്ലവി അല്ലേ"

അതും പറഞ്ഞു കൊണ്ട് ആ പെൺകുട്ടി വീട്ടിലേക്ക് പോയി. അതും നോക്കിക്കൊണ്ട് ഞാൻ നിന്നു. ഒരു കൊച്ചുമിടുക്കി നിഷ്കളങ്കമായ മുഖം പ്രായത്തിൽ കവിഞ്ഞ പക്വത. തന്റെ ഭാര്യയുടെ തനിപ്പകർപ്പായി തോന്നി. അത് വെറും തോന്നൽ മാത്രമായിരിക്കും.

കുളികഴിഞ്ഞ് ഒരു ഗ്ലാസ് കട്ടൻ ചായ കുടിച്ചു കൊണ്ട് ഇരിക്കുകയായിരുന്നു ഞാൻ. പെട്ടെന്ന് ഒരു വിളികേട്ടു. " സാറേ". ഗ്ലാസുമായി ഉമ്മറത്ത് ഞാൻ നേരത്തെ കണ്ട പെൺകുട്ടി ഖദീജ.

"കട്ടൻചായ കുടിക്കുകയാണോ ഇതു നല്ല തമാശ തന്നെ. എൻറെ സാറേ ഇതാ പാൽ ഇതൊഴിച്ചു കഴിച്ചുകൊള്ളൂ. ഉമ്മ തരാൻ പറഞ്ഞതാ ഞാൻ പോകട്ടെ?" അതും പറഞ്ഞ് അവൾ പോയി കുറെ നാളുകൾക്കു ശേഷമാണ് നന്നായി ഒന്ന് ഉറങ്ങിയത്. സ്വപ്നത്തിൽ ആ പെൺകുട്ടിയുടെ മുഖമായിരുന്നു.

രാവിലെ നടക്കാൻ ഇറങ്ങി. നടപ്പാതയിൽ ഒരുപാട് സമയം ചെലവഴിച്ചു. ചുമർചിത്രങ്ങൾ ആയിരുന്നു വഴിനീളെ . കൂടാതെ പുണ്യവതിയായ അമ്മത്രേസ്യയുടെ തിരുമുൻപിൽ പോയി പ്രാർത്ഥിക്കാൻ കഴിഞ്ഞത് ഭാഗ്യമായി കണ്ടു. 9 മണി ആയപ്പോൾ വീട്ടിലെത്തി. അന്ന് ബുക്കിൽ കുറിച്ചുവയ്ക്കാൻ കുറേ അനുഭവങ്ങൾ കിട്ടി. ജനലിലൂടെ അപ്പോഴാണ് ഖദീജയെ കണ്ടത് . പാത്രം കഴുകുകയായിരുന്നു. 12 വയസുള്ള പെൺകുട്ടി അവിടെ ഉള്ള എല്ലാ ജോലിയും

എടുക്കും. ഒരു നിമിഷം അവൾ അവിടുത്തെ ജോലിക്കാരി ആണെന്ന് ഞാൻ ചിന്തിച്ചുപോയി. എന്തുമാത്രം ജോലിയാണ് ആ കുട്ടി ചെയ്യുന്നത്.

ആ വീടിന് മുറ്റത്ത് നിന്ന് ഒരു വയസ്സനും ആയി അവളുടെ ഉമ്മ സംസാരിക്കുന്നത് ഞാൻ കണ്ടു. വല്ലപ്പോഴും അയാൾ അവിടെ വരാറുണ്ട്. ആരാണ് അയാൾ? എന്തോ ഒരു വശപ്പിശക് ഉള്ളതായി എനിക്ക് തോന്നി.

പെട്ടന്നൊരുനാൾ ഉമ്മയ്ക്ക് വയ്യാതെ വന്നു. ശരീരമാസകലം പൊന്തിവന്നു. അഞ്ചാംപനി തന്നെ.

"മോളെ പാത്തു ഇങ്ങോട്ട് വന്നേ ഉമ്മ വയ്യാത്ത സ്വരത്തിൽ അവളെ വിളിച്ചു എനിക്ക് തീരെ വയ്യ നീ എന്റെ അടുത്തിരിക്ക്. ഡോക്ടറുടെ അടുത്തെത്തിക്ക്"

അത് കേട്ടപാടെ എനിക്ക് പേടിയായി.

"തൊട്ടാൽ പകരും. പോരാഞ്ഞിട്ട് ഇന്ന് എനിക്ക് ക്ലാസ്സിലെ പരിപാടിയാണ്. പോകാതിരിക്കാൻ പറ്റില്ല. ഞാൻ പോകുകയാണ്." പിന്നെ ഉമ്മയെ പാത്തു നോക്കിയില്ല.

"അവളല്ലേ എല്ലാം ചെയ്യുന്നത്"

അതും പറഞ്ഞ് അവൾ പോയി ഒരുനിമിഷം ഉമ്മ തകർന്നുപോയി. തന്റെ സ്വന്തം മകൾ തന്നെയാണോ? അവളെ ആണല്ലോ അള്ളാ ഞാൻ പുന്നാരിച്ച് വളർത്തിയത്. എന്നും ഖദീജ പറയുമായിരുന്നു ഉമ്മ പാത്തുട്ടി അധികം പുന്നാരിക്കല്ലെ എന്ന്. കരഞ്ഞ് തളർന്നിരിക്കുന്ന ഉമ്മയുടെ അടുത്ത് ഖദീജ വന്നു. കൂടെ ഒരു സ്ത്രീയുമുണ്ടായിരുന്നു. ഒരു ലേഡിഡോക്ടർ.!!

"ഉമ്മ ഒന്നുകൊണ്ടും പേടിക്കേണ്ട ഞാൻ ഡോക്ടറും ആയാണ് വന്നത്. ഇന്ന് രാവിലെ അമ്മയുടെ അവസ്ഥ കണ്ടപ്പോൾ തന്നെ എനിക്ക് മനസ്സിലായിരുന്നു ഉമ്മയ്ക്ക് അഞ്ചാംപനി. ആണെന്ന് അതുകൊണ്ട് ഞാൻ ഡോക്ടറെ കൊണ്ടുവന്നു. അമ്മയുടെ അസുഖം വേഗം മാറും. എന്തിനാ പേടിക്കുന്നത്? ഖദീജ ഇല്ലേ കൂടെ?"

എന്നുപറഞ്ഞ് അവൾ ഉമ്മയുടെ മുഖം തലോടി. എന്തെന്നില്ലാതെ ഉമ്മ

പൊട്ടിക്കരഞ്ഞു.

"മോളെ, എൻറെ പൊന്നു മോളെ....."

"ഉമ്മ കരയരുത്. ഞാനും കരഞ്ഞു പോകും."

അറിയാതെ ഓർത്തുപോയി. സ്വന്തം രക്തത്തിൽ പിറന്ന മകൾ അറപ്പോടെ തന്നെ ഇട്ടിട്ടു പോയി. ഈ പൊന്നുമകൾ അടുത്തിരുന്ന് തന്നെ സംരക്ഷിക്കുന്നു. ഈ മകളെ ആണല്ലോ ഞാൻ ഇവിടെ ഇട്ട് കഷ്ടപ്പെടുത്തിയത്. മരുന്നുകൾ നൽകിയശേഷം ഡോക്ടർ പോയി.

കുറച്ചുദിവസങ്ങൾക്കുശേഷം ഉമ്മയുടെ അസുഖം മാറി. അവൾ പഴയതുപോലെ ആയി. തുണയായി ഖദീജ ഏതുസമയവും അടുത്തുണ്ടായിരുന്നു. അത് രോഗത്തിന് ശമനം നൽകി.

കയ്യിൽ ഒരു ബാഗുമായി പാത്തു കയറിവന്നു. ഉമ്മ ഉച്ചത്തിൽ എവിടേക്കാടീ കേറി വരുന്നത് നിന്റെ ആരാണ് ഇവിടെ ഉള്ളത് അഴിഞ്ഞാടി നടക്കുന്ന നീ ഒരു പെണ്ണാണോടി എന്ന് ചോദിച്ചു. പെട്ടെന്നുള്ള ദേഷ്യം കൊണ്ട് അമ്മ അവളോട് കയർത്ത് സംസാരിച്ചു ഇതുകേട്ടപ്പോൾ പാത്തു ഉമ്മയോട് കനത്ത സ്വരത്തിൽ പറഞ്ഞു.

"മതി നിർത്ത്. ഞാൻ പൊയ്ക്കോളാം. നിങ്ങൾ സുഖമായി ജീവിച്ചു കൊള്ളൂ.. പുന്നാര മോളുടെ കൂടെ....."

അതും പറഞ്ഞ് അവൾ ഇറങ്ങിപ്പോയി. അവളെ തിരിച്ചു വിളിക്കാൻ കരഞ്ഞുകൊണ്ട് ഖദീജ ഉമ്മയോട് പറഞ്ഞു. ഉമ്മ അത് കേട്ടില്ല.

"എനിക്ക് മകൾ നീ മാത്രമാണ്. അവൾ ഇനി എൻറെ മനസ്സിൽ പോലുമുണ്ടാകില്ല."

അതും പറഞ്ഞു ഉമ്മ അകത്തേക്ക് കയറിപ്പോയി. ഞാനവരുടെ ജീവിതം വീക്ഷിക്കുന്നുണ്ടായിരുന്നു. രണ്ട് മക്കളുണ്ടായിട്ടും ഒരുപാട് ഇഷ്ടത്തോടെ വളർത്തിയ മകൾ ഇറങ്ങിപ്പോയി. ആ അമ്മയുടെ നെഞ്ച് ഉരുകുകയായിരുന്നു.

ഞാൻ പണ്ട് കണ്ട ആ വൃദ്ധൻ അവിടെ വീണ്ടും വന്നു. അയാൾ

പോയപ്പോൾ ഞാൻ ഉമ്മയോട് ചോദിച്ചു ആരാണ് അയാൾ എന്ന്. അപ്പോൾ ഉമ്മ ഒന്നും പറഞ്ഞില്ല. എൻറെ നിർബന്ധത്തിനുവഴങ്ങി ഉമ്മ നടന്ന കഥകൾ മുഴുവൻ എന്നോട് പറഞ്ഞു:

"ഇവിടെ വരുന്ന അയാളാണ് ഖദീജയെ എന്നെ ഏൽപ്പിച്ചത് . അയാൾക്ക് അവളെ ഒരു ഉത്സവ പറമ്പിൽ നിന്നും കിട്ടിയതായിരുന്നു. പിന്നീടയാൾ അവളെ എന്നെ ഏൽപ്പിച്ചു. പക്ഷേ ഇപ്പോൾ അവൾ എൻറെ സ്വന്തം മകളാണ് . എനിക്ക് അവൾ മാത്രമേയുള്ളൂ. അവളില്ലാതെ ഒരുനിമിഷംപോലും എനിക്ക് ജീവിക്കാൻ പറ്റില്ല."

അപ്പോൾ മധുവിന് മനസ്സിലായി തൻറെ കാണാതെപോയ മീനാക്ഷി കുട്ടിയാണ് ഈ ഖദീജ എന്ന്. പിന്നെ അയാൾ ഒട്ടും താമസിപ്പിക്കാതെ തൻറെ കഥകളെല്ലാം ആ സ്ത്രീയോട് പറഞ്ഞു. അത് കേട്ടപ്പോൾ ഉമ്മ ഒന്ന് പതറിപ്പോയി. പക്ഷേ, അയാൾ ഉമ്മയോട് ചോദിച്ചില്ല ഖദീജയെ എനിക്ക് തരുമോ എന്ന്.

അവർ ഇരുവരുടെയും സംസാരം അകത്തുനിന്ന് ഖദീജ കേൾക്കുന്നുണ്ടായിരുന്നു. അവൾ ആരും കേൾക്കാതെ പൊട്ടിക്കരഞ്ഞുപോയി. കുറച്ചു കഴിഞ്ഞു അവൾ ഉമ്മ കാണാതെ മധുവിന്റെ വീട്ടിൽ പോയി . എന്നിട്ട് അയാളോട് പറഞ്ഞു:

"നിങ്ങളല്ലേ എൻറെ അച്ഛൻ?..."

മധു ഒന്നും പറയാതെ നിന്നു. അവൾ തുടർന്നു:

"നിങ്ങൾ എന്നെ ഇവിടെനിന്ന് കൊണ്ടുപോകുവാൻ തീരുമാനിച്ചിട്ടുണ്ടോ ? പക്ഷേ എനിക്ക് വരാൻ പറ്റില്ല. കാരണം ഞാൻ ഇവിടെ നിന്നു വന്നാൽ ഉമ്മയ്ക്ക് പിന്നെ ആരുമുണ്ടാകില്ല.

"മോളെ നീ എൻറെ കൂടെ വരണ്ട . നീ പറഞ്ഞതാണ് ശരി. എനിക്ക് നിന്നെ കാണണം എന്ന് തോന്നുമ്പോൾ ഞാൻ ഇവിടെ വരാം. പിന്നെ, ഇന്ന് തന്നെ ഞാൻ ഇവിടെ നിന്ന് തിരിച്ചു നാട്ടിലേക്ക് പോകും." അധികം വൈകാതെ തന്നെ അയാൾ പോയി. പുതിയ നോവലിലേക്ക് ഉള്ള കഥ അയാൾക്ക് അവിടെ നിന്നും

കിട്ടി.

മറ്റേതൊരു ഭാഷയിലൂടെ ചടുലമായ
പ്രസംഗിച്ചാലും ആശയവിനിമയം നടത്തിയാലും ശരിക്കും
അത് രണ്ടാംസ്ഥാനത്ത് മാത്രമേ എത്തുകയുള്ളൂ.
കാരണം ഏതൊരു ഭാഷയും അർത്ഥം നാം ഗ്രഹിക്കുന്നത്
ഒരു ഭാഷയിലൂടെ അതിനെ പരിവർത്തനപ്പെടുത്തി എടുത്താണ്.



# മാതൃഭാഷയുടെ മഹത്വം

**ശിഖ കെ കെ**

"മറ്റുള്ള ഭാഷകൾ കേവലം ദാത്രിമാർ

മർത്യന്ന് പെറ്റമ്മ തൻഭാഷ താൻ."

മഹാകവി വള്ളത്തോളിന്റെ ഈ വഴികൾ മാതൃഭാഷയുടെ പ്രാധാന്യം വരച്ച് കാട്ടുന്നവയാണ്. ആംഗലേയത്തിലെ ആദ്യത്തേതിന് പിന്നാലെ കുതിച്ചുകൊണ്ടിരിക്കുന്ന മലയാള നാടിനെ സംബന്ധിച്ചിടത്തോളം ഈ വരികൾ ഏറെ പ്രസക്തമാവുകയാണ്.

ഭാഷ ഒരു ആശയവിനിമയ ഉപാധിയാണ് .ഓരോ മനുഷ്യനും അവൻറെ ആശയങ്ങൾ വെളിപ്പെടുത്താനും ചിന്തയുടെ ലോകത്തുനിന്നും അതിനപ്പുറത്ത് കൊണ്ടുവരുവാനും ഭാഷ കൂടിയേ തീരൂ. ഒരുവൻ അവൻറെ സ്വതസിദ്ധമായ

ശൈലിയിൽസംസാരിക്കുന്നതും വ്യക്തമായി ആശയവിനിമയം നടത്തുന്നതും ഏറെക്കുറെ മാതൃഭാഷയിലാണ് . മറ്റേതൊരു ഭാഷയിലൂടെ ചടുലമായ പ്രസംഗിച്ചാലും ആശയവിനിമയം നടത്തിയാലും ശരിക്കും അത് രണ്ടാംസ്ഥാനത്ത് മാത്രമേ എത്തുകയുള്ളൂ. കാരണം ഏതൊരു ഭാഷയും അർത്ഥം നാം ഗ്രഹിക്കുന്നത് ഒരു ഭാഷയിലൂടെ അതിനെ പരിവർത്തനപ്പെടുത്തി എടുത്താണ്. ഒരു ഇംഗ്ലീഷുകാരൻ ഇംഗ്ലീഷിൽ ചിന്തിക്കുമ്പോൾ ഒരു മലയാളി ചിന്തിക്കുന്നത് അവരുടെ സ്വന്തം ഭാഷയിൽ ആണ്.



ആംഗലേയഭാഷ ലോകത്തെമ്പാടുമുള്ള ജനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ചങ്ങലയായി കണക്കാക്കിയിരിക്കുന്നത് എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.എന്നാൽ ആംഗലേയഭാഷ ഭാഷതന്നെ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ ഉള്ളവർ വ്യത്യസ്ത രീതിയിൽ കൈകാര്യം ചെയ്യുന്നത് എന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ് . തികച്ചും സ്വാഭാവികമായിത്തന്നെ ഒരുവന്റെ മാതൃഭാഷയുടെ സ്വാധീനം അതിൽ പതിയും എന്നുള്ളതിന് വ്യക്തമായ തെളിവാണിത്.

വിദ്യാഭ്യാസത്തിൻറെ ശരിയായ ലക്ഷ്യം പൂർത്തീകരിക്കുവാൻ മാതൃഭാഷയുടെ സാന്നിധ്യം കൂടിയേ തീരൂ. കാരണം പഠനമെന്നത് ഉപരിപ്ലവമായി എന്തെങ്കിലും ഉള്ളിലേക്ക് തത്ത പറയുന്നതുപോലെ കേട്ട് മനസ്സിലാക്കേണ്ടുന്ന പ്രക്രിയയല്ല . മാതൃഭാഷ ഒരു സമുദ്രമായി മാറട്ടെ. മറ്റുള്ളവരെ ഒക്കെയും അതിലേക്ക് ഒഴുക്കി

ലയിക്കുന്ന മഹാനദികളും.

ചാള്സ്ഹഗ്ഗിന്സ്

# ഹൂഡ്സാറിലെ വീരപ്പൻ

## റോൺ സ്റ്റീഫൻ മാത്യൂ

ജീവിതത്തിൽ ചിന്തിക്കുകപോലും ചെയ്യാതെ ചില കേസുകൾ നമ്മുടെ നേർക്കു വരും. അത് ഒരു പക്ഷെ കൊലക്കേസ് ആകാം, മോഷണം ആകാം. എന്നാൽ വളരെ വിചിത്രമായ കേസാണ് ഇന്ന് എൻറെ അടുത്തെത്തിയത് . ചിത്രകഥകളിലെ ഏറ്റവും ക്രൂരമായ വീരപ്പനെ കുറിച്ച് വായിച്ചറിഞ്ഞത് അല്ലാതെ അത് സത്യമാണെന്ന് ഞാൻ അറിയുന്നത് പതിനൊന്നാം വയസ്സിൽ എന്റെ അമ്മ പറഞ്ഞാണ്. ഇപ്പോളിതാ വീരപ്പനെ ക്കാൾ ബുദ്ധികൂർമത ഉള്ള കള്ളൻ എന്റെ മുമ്പിൽ വന്നു വീണിരിക്കുന്നു.

“മിസ്റ്റർ ചാൾസ് വളരെ വിചിത്രമായ കേസാണ് ഇന്ന് ഞാൻ അവതരിപ്പിക്കുന്നത്”ഇൻസ്പെക്ടർ തുടർന്നു:



“വളരെ വിചിത്രമായ ഒരു കൊലക്കേസ് ആണ് സാർ. ഈ അടുത്ത് ഹൂഡ് സാർ സ്ട്രീറ്റിൽ നിന്നും ഒരാളുടെ ശവശരീരം കിട്ടിയതിനെ തുടർന്ന് നടന്ന അന്വേഷണത്തിൽ പ്രതിയെ ചോദ്യം ചെയ്തപ്പോൾ വിചിത്രമായ ഒരു കാര്യം അവൻ ഞങ്ങളോട് പറഞ്ഞു .’ആറു പേരടങ്ങിയ ഒരു കൊള്ളസംഘം ആണ് ഞങ്ങളുടേത് കൊള്ളത്തലവൻ കൊടും ക്രിമിനലായ ബർക്കത്ത് ഹോട്ട് സ്ട്രീറ്റിലെ ഓരോ സ്വർണ്ണക്കടയിൽ സംഘംചേർന്ന് ഞങ്ങൾ കൊള്ളയടിക്കും കടയുടെ ഉടമസ്ഥനെ തെളിവു നശിപ്പിക്കാനായി കൊന്നുകളയുകയും ചെയ്യും. അതും വളരെ വിചിത്രമായൊരു

മാർഗ്ഗത്തിലൂടെ'"



"എന്താണ് ഇൻസ്പെക്ടർ വളരെ വിചിത്രമായ ആ മാർഗ്ഗം?"

"ആ മാർഗ്ഗത്തെക്കുറിച്ച് അവൻ പറഞ്ഞപ്പോൾ ഞാൻ ശരിക്കും അതിശയിച്ചു. ബക്കാർത്തോ മേശപ്പുറത്ത് തനിക്ക് അഭിമുഖമായി ഇരയെ ഇരുത്തും. എന്നിട്ട് ഇരുവരുടെയും മുമ്പിൽ ഓരോ ഗ്ലാസുകളിൽ നിറച്ച് വെള്ളം വയ്ക്കും എന്നിട്ട് പറയും.'എൻറെ കയ്യിൽ നീലയും ചുവപ്പും നിറമുള്ള 2 ഗുളികകൾ ഉണ്ട് ഒന്ന് വിഷവും മറ്റൊന്ന് വൈറ്റമിൻ ഗുളികയും ആണ് നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു ഗുളികയെടുത്ത് വെള്ളത്തിലിട്ട് കഴിക്കാം. മറ്റേത് ഞാൻ വെള്ളത്തിലിട്ട് കഴിക്കും. വിഷമുള്ളത് കഴിക്കുന്നത് ആരോ അയാൾ തൽക്ഷണം മരിക്കും.'ഒട്ടനവധി നിരപരാധികൾ ബക്കാർത്തോയുടെ പ്രയോഗത്തിന് ഇരയായി മരിച്ചു. ഗുളിക കഴിച്ച ആരും ഇതുവരെ ജീവിച്ചിരിപ്പില്ല. ബക്കാർത്തോയുടെ അടുത്ത ആക്രമണം ലാർഡൻ എന്ന സ്വർണവ്യാപാരിക്ക്. നേരെയാണ്. അയാളും മരിക്കുമെന്ന് ഉറപ്പാണ്"

കഥ കേട്ടുകഴിഞ്ഞ ഞാൻ പറഞ്ഞു:

"ഇൻസ്പെക്ടർ നാളെ ഞാൻ സ്വർണ്ണ വ്യാപാരിയായി വേഷം കെട്ടുന്നു എന്നിട്ട് അയാളുടെ സ്വർണ്ണക്കടയിൽ ഇരിക്കുന്നു. ബക്കാർത്തോ തീർച്ചയായും എന്നെ പിടിച്ച്കെട്ടും. ഗുളിക പ്രയോഗത്തിൽ ഇത്തവണ ഞാൻ തന്നെ വിജയിക്കും"

ഞാൻ പറയുന്നത് കേട്ട് ഇൻസ്പെക്ടർ മൂളുക പോലും ചെയ്തില്ല. അയാൾ എനിക്ക് എടുത്തുവച്ച ചായ ഒരു ചളിപ്പും ഇല്ലാതെ കുടിച്ച് പുറത്തേക്കിറങ്ങി നടന്നു.

പിറ്റേ ദിവസം ഞാൻ സ്വർണ്ണ വ്യാപാരിയെ പറഞ്ഞു ധരിപ്പിച്ചു അയാളുടെ വേഷം കെട്ടി.

പ്രതീക്ഷിച്ചതുപോലെ കടബക്കാർത്തോ ആക്രമിച്ചു കയ്യേറി. സ്വർണം എല്ലാം അയാൾ ചാക്കിൽകെട്ടി എന്റെ നേർക്കു വന്നു.

ഒറ്റനോട്ടത്തിൽ മാന്യനായി തോന്നുന്ന അയാൾ എന്നെയും പിടിച്ച് അയാളുടെ താവളത്തിലേക്ക് നടന്നു.

അയാൾ ഒരു കസേരയിൽ എന്നെ പിടിച്ചിരുത്തി എന്നിട്ട് ഓരോ വ്യാപാരികളും പറയുന്നതുപോലെ പറഞ്ഞതിനുശേഷം 2 ഗുളികയും ഒരു ഗ്ലാസ് വെള്ളവും തന്നു. അയാൾ പോലുമറിയാതെ ഞാൻ ഗ്ലാസിലെ വെള്ളം പരസ്പരം മാറ്റി . ഞങ്ങൾ രണ്ടുപേരും ഗുളിക വെള്ളത്തിലിട്ട് കഴിച്ചതും ബക്കാർത്തോ നിലത്തു വീണ് മരിച്ചു. പോലീസ് സംഭവസ്ഥലത്തെത്തി. ഞാൻ ചുറ്റും പരതിയിട്ടും ഇൻസ്പെക്ടർ അദ്ദേഹത്തെ കാണുവാൻ സാധിച്ചില്ല അതിൽ ഒരു ഉദ്യോഗസ്ഥൻ എനിക്ക് നേരെ തിരിഞ്ഞു ചോദിച്ചു:

“എങ്ങനെയാണ് സാർ താങ്കൾ ബർക്കത്തോയെ വധിച്ചത്?”

“ബർക്കത്തോ വിഷം ചേർത്ത ഗുളികകളിൽ അല്ല മറിച്ച് ഇരകൾക്ക് നൽകിയ വെള്ളത്തിലായിരുന്നു. ഗുളികകൾ തമ്മിലും ഞങ്ങൾ ഇരുവരുടെയും ഗ്ലാസുകൾ തമ്മിലും ഞാൻ മാറ്റി”

“താങ്ക്യൂ സാർ നിങ്ങൾ എന്നും പോലീസിന് ഒരു അനുഗ്രഹമാണ്.”

അയാൾ എനിക്ക് കൈ തന്നു. ഞാൻ പുറകോട്ട് തിരിഞ്ഞപ്പോൾ മുഖം കർച്ചീഫ് കൊണ്ട് മൂടിയ ഒരു മനുഷ്യൻ ജനക്കൂട്ടത്തിലേക്ക് പിൻവാങ്ങുന്നത് ഞാൻ കണ്ടു. ഇന്ന് രാവിലെ എൻറെ വീട്ടിൽ നിന്നും കുടിച്ച് ചായയുടെ കറ ആ കർച്ചീഫിൽ അപ്പോഴും ഉണ്ടായിരുന്നു.

# മണ്ണിന്റെ ഗന്ധം

## ടെറിൻ ജോസ്

—

അന്നെല്ലാം അമ്മ തനിക്ക് ദേവിയായിരുന്നു. 51 അക്ഷരവും മണലിന്റെ വെള്ളി കാമ്പുകളിൽ എഴുതി പഠിപ്പിച്ച ദേവി. പക്ഷേ, ഉദ്യോഗവുമായി ദില്ലിക്ക് പോയപ്പോൾ എന്തേ ആ ദേവിയുടെ ചൈതന്യം മനസ്സിൽ നിന്നും മാഞ്ഞു പോയി.



തോൾസഞ്ചിയും കുടയുമെടുത്ത് പടിയിറങ്ങുമ്പോൾ അയാളോർത്തു. അന്ന് ആ കണ്ണീർ താൻ കാണാതെ പോയിരുന്നെങ്കിൽ........

ഇറങ്ങുന്നതിനുമുമ്പ് ഉമ്മറത്തെ കുമ്മായം പൂശിയ ചുവരിൽ തൂക്കിയ സരസ്വതീദേവിയുടെ വലിയ ചിത്രത്തിനു മുമ്പിൽ പ്രാർത്ഥിക്കുക എന്ന , അമ്മ പഠിപ്പിച്ച ആ പതിവ് സ്മരിക്കുന്ന അയാൾ ഉമ്മറത്തെ ചുവരിലേക്ക് തിരിഞ്ഞു. ചിത്രം ഇന്നും ഒരു സ്ഥാന മാറ്റവുമില്ലാതെ അവിടെത്തന്നെ കിടക്കുന്നു. മനസ്സിലേക്ക് സരസ്വതീദേവിയുടെ തിങ്കൾക്കല പോലെ വെണ്മയുള്ള മുഖം കൊണ്ടുവരാൻ എത്ര ശ്രമിച്ചിട്ടും അയാൾക്ക് കഴിഞ്ഞില്ല. ഉള്ളിലിരുന്ന് മനസ്സ് വിളിച്ചുപറയുന്നതുപോലെ തോന്നി . സ്മരിക്കേണ്ടത് ദേവിയെ അല്ല, അമ്മയെ...... ജന്മമേകിയ ആ സ്ത്രീയെ.... ഒരു മാസ്മരിക ശക്തിയാൽ എന്നവണ്ണം അയാൾ മുറ്റത്തെ നനഞ്ഞ മണ്ണിനെ തൊട്ട് നിറുകയിൽ വച്ച് നമസ്കരിച്ചു. അവിടെ ചെറുതാണെങ്കിലും പ്രസാദമുള്ള ഒരു തുളസി വേര് പിടിക്കുന്നുണ്ടായിരുന്നു. അതിൽ അംബിക നായരെന്ന പി കെ നായരുടെ മാതാവിന്റെ സ്മരണകൾ തളിരിലകൾ ആയി വിരിയുകയായിരുന്നു. 11:30 ന് മദിരാശിക്ക് ട്രെയിൻ പുറപ്പെടുന്ന കാര്യം തന്നെ പി കെ നായർ മറന്നു . മനസ്സിൽ ഒരു പിടി ഓർമ്മകളുടെ വേലിയേറ്റം അലതല്ലുന്നു. കോയമ്പത്തൂരിലെ തറവാട്ടു മുറ്റത്തെ നനഞ്ഞ മണ്ണിൽ ചെരിപ്പില്ലാതെ ചവിട്ടി നിൽക്കുകയാണെങ്കിലും അയാളുടെ മനസ്സ് തന്റെ കുട്ടിക്കാലത്തേക്ക് പറന്നു കഴിഞ്ഞിരുന്നു.

ഒരു ആറു വയസ്സുകാരൻ വലിയ വട്ടത്തിലുള്ള സിന്ദൂരപ്പൊട്ടു തൊട്ട സുന്ദരിയായ അമ്മയ്ക്കൊപ്പം കൈപിടിച്ച് സ്കൂളിലേക്ക് നടക്കുന്നു.ആ നടത്തം ഒന്നാംക്ലാസിൽ മാത്രമല്ല പത്താംക്ലാസ് വരെ തുടർന്നു .ഏട്ടൻ മരിച്ചതിൽപ്പിന്നെ അമ്മയ്ക്ക് ആ വിധി വരുത്തിവെച്ച ദൈവത്തോട് പ്രാകൃതമായ ഒരു തരം വാശിയായിരുന്നു .മറ്റ് അമ്മമാർ തങ്ങളുടെ സന്താനങ്ങൾക്ക് വേണ്ടി പൂജയും വഴിപാടും നടത്തി ദിവസം കഴിച്ചപ്പോൾ അംബികാ നായർ മാത്രം ഏകമകനു കാവലിരുന്നു . എവിടെപ്പോയാലും പുറകെ അമ്മയുടെ കണ്ണ് ഉണ്ടാകും . എന്നും സ്കൂളിൽ കൊണ്ടുചെന്ന് ആക്കുകയും തിരികെ കൊണ്ടുവരികയും ചെയ്യും.അതുകൊണ്ടുതന്നെ മറ്റു കുട്ടികൾ സ്വാതന്ത്ര്യം ആഘോഷിക്കുമ്പോൾ ടികെഎ നായർ എന്ന് വിളിക്കുന്ന കൃഷ്ണ ദേവിനു മാത്രം അതൊരു വിലക്കപ്പെട്ട കനിയായിരുന്നു .പതിനെട്ടാം വയസ്സിൽ

ഉപരിപഠനത്തിനായി ബാംഗ്ലൂർക്ക് വണ്ടി കയറുമ്പോൾ അമ്മയുടെ കണ്ണ നിറഞ്ഞു.

“മിടുക്കനായി വരണം കേട്ടോ. അമ്മ കാത്തിരിക്കും എല്ലാ പരീക്ഷയിൽ ഒന്നാമനായി കഴിയുമ്പോൾ അമ്മയ്ക്ക് കമ്പി അടിക്കില്ലേ?”

അന്ന് തന്നെ കൈത്തലത്തിൽ വീണ് രണ്ട് ഇറ്റ് കണ്ണീരിന്റെ ചൂട് വിദൂര കാലത്തും അയാൾക്ക് അനുഭവപ്പെട്ടു അംബിക നായർ പറഞ്ഞ പോലെ കൃഷ്ണദേവ് പരീക്ഷകളിൽ ഒന്നാമനായി. വക്കീൽ ഉദ്യോഗം പഠിച്ച് ഡിസ്റ്റിംഗ്ഷനും കൊണ്ട് കോയമ്പത്തൂരെത്തി. കോയമ്പത്തൂരിലെ നഗര പ്രൗഡിയും ഹുങ്കാരവും മറന്ന് കുറച്ചു ഉള്ളിലേക്ക് കടന്നു നിൽക്കുന്ന മുല്ലവള്ളികളും രാജമല്ലിയും നൃത്തംചെയ്യുന്ന ആ തറവാട്ടു വീട്ടിൽ എത്തിയപ്പോൾ അമ്മയുടെ സന്തോഷത്തിന് അതിരില്ലായിരുന്നു . അന്നെല്ലാം അമ്മ തനിക്ക് ദേവിയായിരുന്നു. 51 അക്ഷരവും മണലിന്റെ വെള്ളി കാമ്പുകളിൽ എഴുതി പഠിപ്പിച്ച ദേവി. പക്ഷേ, ഉദ്യോഗവുമായി ദില്ലിക്ക് പോയപ്പോൾ എന്തേ ആ ദേവിയുടെ ചൈതന്യം മനസ്സിൽ നിന്നും മാഞ്ഞു പോയി . അത് ഉത്തരമില്ലാതെ യുള്ള ഒരു ചോദ്യമാണ് ഉദ്യോഗത്തിന് ദില്ലിയിൽ പോയി രണ്ടുവർഷം കൃത്യമായി മണിയോർഡറും കത്തും അയച്ചിരുന്നു. ഇടയ്ക്ക് ഫോൺവിളിയും. വിളിക്കുമ്പോഴെല്ലാം അമ്മ പറയും: ”എൻറെ കുട്ടാ നീ അവിടെ സുഖമാണോ നിന്നെക്കാണാന് ഞാൻ ആകെ വല്ലാണ്ടായി എനിക്ക് നിന്റെ മണിയോർഡറും ഒന്നും അല്ല വേണ്ടത്. കുട്ടാ നിന്നെയൊന്നു കാണാൻ ഒരു മോഹം . എന്നാ ഇനി ഇങ്ങോട്ട് വരിക?”

ആദ്യമൊക്കെ നീണ്ട നിശബ്ദതയായിരുന്നു ഉത്തരം . പിന്നെ പിന്നെ പറയാൻ തുടങ്ങി: “അമ്മയ്ക്കറിയില്ലേ എന്റെ ഇവിടുത്തെ തിരക്ക് ? നിന്നുതിരിയാൻ നേരമില്ല. ഇപ്പോൾ നാട്ടിൽ വന്നാൽ വച്ചാൽ ഉള്ള ഉദ്യോഗം പോകും!”പക്ഷേ വന്നു ദില്ലിക്ക് വണ്ടികയറി നാലാം കൊല്ലം!!

“നിനക്കൊരു മിടുക്കി കുട്ടിയെ ഞാൻ കണ്ടിട്ടുണ്ട് . ഇനി എന്റെ കുട്ടൻ എങ്ങോട്ട് തോന്നുന്നില്ല”

“അമ്മ എന്താ ഈ പറയണേ . രണ്ടുകൊല്ലം പഠിപ്പിച്ചത് അങ്ങനെ വെറുതെ വീട്ടിലിരിക്കാൻ അല്ല . എനിക്ക് എൻറെ ഭാവി നോക്കണം . പിന്നെ എല്ലാമാസവും പൈസ അയക്കൽ റിസ്കാ . അമ്മ ഇനി ഇവിടെ താമസിക്കേണ്ട”

“വേണ്ട, പിന്നെ ഞാൻ നിൻറെ അപ്പം ദില്ലിക്ക് വരാനോ ?!! എനിക്ക് മലയാളനാട്ടിലെ വെള്ളേ പിടിക്കു”

“ദില്ലിക്കല്ല”

“പിന്നെ?”

“ഒരു സ്ഥാപനം സ്നേഹാലയം”

“പനമ്പിള്ളില് സ്ഥാപനോ? കുട്ടാ നീ എന്താ ഈ പറഞ്ഞേ. സ്ഥാപനം ആണോ? അതോ മക്കൾക്ക് ആവശ്യമില്ലാത്ത അമ്മമാരെ കൊണ്ടാക്കണ ജയിലിലാണോ?”

“അമ്മ എന്താ പറയണേ . രൂപ 12000 കെട്ടീട്ടാ. വെറുതെയൊന്നുമല്ല. നാളെ ഇവിടെ പാർക്കർ വാടകക്കാരൻ വരും.”

രണ്ടിറ്റ് കണ്ണീരായിരുന്നു അന്നും മറുപടി.

പിന്നെ അമ്മയെ അന്വേഷിച്ചത് 7 കൊല്ലം കഴിഞ്ഞിട്ടാണ്. പോയി കണ്ടപ്പോൾ വിശ്വസിക്കാനായില്ല. മെലിഞ്ഞ, തൊലിഞ്ഞ, ചുളിഞ്ഞ, കാഴ്ച കുറഞ്ഞ , ഇന്നോ നാളെയോ എന്ന അവസ്ഥ . പക്ഷേ അമ്മയ്ക്ക് സന്തോഷമായിരുന്നു. മകൻ വന്നതിലുള്ള സന്തോഷം. അമ്മയുടെ ശരീരം കണ്ട് നായർ കരഞ്ഞുപോയി. പരാതിയും പരിഭവവും നിറഞ്ഞ മുഖവുമായി തന്നെ ശപിക്കാൻ അവരിപ്പോൾ കൈ ഉയർത്തുമായിരിക്കും . എന്നു കരുതിയിരിക്കെ അവർ തന്റെ കൈകളുയർത്തി . ശപിക്കാനല്ല പതുക്കെ അവന്റെ മുഖം തലോടി

“നിക്ക് അറിയാം നീ വരുമെന്ന്.നിനക്കെന്നെ കാണാതിരിക്കാൻ വയ്യ . എനിക്ക് അറിയാമായിരുന്നു ഉറപ്പായിരുന്നു നീ വരുമെന്ന്.”

യഥാർത്ഥത്തിൽ അയാൾ കരഞ്ഞുപോയത് അപ്പോഴായിരുന്നു. പിറ്റേന്നുതന്നെ അമ്മയെ വീട്ടിലേക്കു കൊണ്ടുപോന്നു . രണ്ടാം ദിവസം രാത്രിയായിരുന്നു അംബിക നായരുടെ മരണം.

“ഈശ്വരാനുഗ്രഹം തീരെ ഇല്ല മകൻ വന്നിട്ട് അതിനൊപ്പം കഴിയാൻ യോഗമുണ്ടായില്ല”സംസ്കാരത്തിന് വന്നവർ സൊറ പറഞ്ഞ് പിരിഞ്ഞു പോയപ്പോൾ അയാൾ തനിച്ചായി അന്ന് രാത്രി ആകാശത്ത് ഉയർന്ന് ഏക താരത്തിലേക്ക് അയാൾ മിഴി ചിമ്മാതെ നോക്കി നിന്നു ഏകാദശി മരണം- ദ്വാദശി ദഹനം. മോക്ഷ ജാതകത്തിന്റെ പുണ്യം . അവസാനനാളിൽ മകനെ കണ്ടിട്ട് സന്തോഷത്തോടെ കണ്ണടയ്ക്കാൻ അവർക്ക് കഴിഞ്ഞല്ലോ . താൻ നേരത്തെ വരേണ്ടതായിരുന്നു . നനഞ്ഞ മണ്ണിൽ തണുപ്പിൽ

നിന്നുണർന്നപ്പോൾ അയാളോർത്തു. 11:00 മണി. വണ്ടി സ്റ്റേഷൻ വിട്ട്കാണും.


പക്ഷേ മനസ്സിൽ പരിഭവമില്ല.ഇന്നിവിടെ അന്തി ഉറങ്ങണം ഇവിടത്തെ ഈ നനഞ്ഞ മണ്ണിന്റെ ഗന്ധം ആസ്വദിച്ച് എന്റെ അമ്മയ്ക്കൊപ്പം ഉറങ്ങാം. ചെയ്ത തെറ്റിന് പരിഹാരം ചെയ്യാൻ അവസരമില്ല. അമ്മേ എന്നോട് പൊറുക്കൂ.

കേരളത്തിൽ ആദ്യമായി ഒരു സ്കൂളിന് സ്വന്തമായ ഒരു യൂട്യൂബ് ചാനൽ എന്ന മഹനീയ നേട്ടം കൈവരിച്ചിരിക്കുകയാണ് ഞങ്ങളുടെ വിദ്യാലയമായ സെന്റ് ജോർജ് എച് എസ് എസ്.

# യുവ തലമുറക്കായൊരു യൂട്യൂബ് ചാനൽ

**ലോ**കം അനുദിനം വികസിച്ചുകൊണ്ടേയിരിക്കുകയാണ്. ആവിയുഗത്തിൽനിന്നും വൈദ്യുത യുഗത്തിലേക്കും തുടർന്ന് കമ്പ്യൂട്ടർ

യുഗത്തിലേക്കുമുള്ള മനുഷ്യന്റെ പരിവർത്തനം വിസ്മയാവഹമാണ് . മാറുന്ന ജനതയ്ക്കായി കൂടുതൽ സാങ്കേതികവിദ്യകൾ വളർന്നുവന്നപ്പോൾ ജനജീവിതം കൂടുതൽ എളുപ്പമായി. ഇന്റർനെറ്റ് എന്ന മഹത്തായ ആശയം ലോകമെമ്പാടുമുള്ള ജനങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വളരെ വേഗം വികസിച്ചുവന്നു. ഇതേത്തുടർന്നായിരുന്നു ഇന്റർനെറ്റ് ലോകത്തെ വമ്പന്മാരായി മാറിയ ഗൂഗിളിന്റെ കടന്നുവരവ് . വെറുമൊരു സെർച്ച് എൻജിനിൽ നിന്നാരംഭിച്ച ഗൂഗിൾ ഇന്ന് ലോകത്തു ഏറ്റവുമധികം പേര് ഉപയോഗിക്കുന്ന ഓപ്പറേറ്റിംഗ് സിസ്റ്റമായ ആൻഡ്രോയിഡിന്റെ അധിപനായി മാറിയിരിക്കുന്നു. ഡോക്സ്, ഷീറ്സ് ,സ്ലൈഡ്സ്,മുതലായ ഓഫീസ് പ്രോഗ്രാമുകളും, യൂട്യൂബ്, ഫ്യൂഷിയ, ആൻഡ്രോയിഡ് തുടങ്ങിയ സഹസ്ഥാപനങ്ങളുടെയും ഉടമയായി ഗൂഗിൾ മാറിക്കഴിഞ്ഞു.




ഗൂഗിളിന്റെ സ്തുത്യർഹമായ നേട്ടങ്ങളിൽ ഒന്നാണ് യൂട്യൂബ് . ലോകമെമ്പാടുമുള്ള ചലച്ചിത്രപ്രേമികളുടെ ഇടയിൽ അതിവേഗം പടർന്നു പന്തലിച്ച ലോകത്തിലെ ഏറ്റവു കൂടുതൽ ആൾക്കാർ ഉപയോഗിക്കുന്ന സംപ്രേഷണ മാധ്യമമായി യൂട്യൂബ് മാറി എന്നതിൽ സംശയമില്ല. സ്വന്തമായി ഒരു ചാനൽ എന്ന സ്വപ്നം സൗജന്യമായി നൽകിക്കൊണ്ട് ലോകമെമ്പാടുമുള്ള ജനങ്ങൾക്കിടയിൽ യൂട്യൂബ് തരംഗം സൃഷ്ടിച്ചു.

വളർച്ച വളരെ വേഗമായിന്നു എങ്കിലും വികസ്വരരാജ്യമായ ഇന്ത്യയിൽ യൂട്യൂബ് പ്രതാപത്തിലെത്തിയിട്ട് ഏതാനും വർഷങ്ങളെ ആയുള്ളൂ.

കേരളത്തിൽ ആദ്യമായി ഒരു സ്കൂളിന് സ്വന്തമായ ഒരു യൂട്യൂബ് ചാനൽ എന്ന മഹനീയ നേട്ടം കൈവരിച്ചിരിക്കുകയാണ് ഞങ്ങളുടെ വിദ്യാലയമായ സെന്റ്

ജോർജി എച്ച് എസ് എസ്. ജോർജിയൻ ടി വി 47018 എന്ന യൂട്യൂബ് ചാനലിൽ ഏതാനും ആഴ്ചകൾകൊണ്ട് 10000 ൽ കൂടുതൽ കാണികളെ കൈവരിച്ചിരിക്കുകയാണ്. ചുരുങ്ങിയ ചെലവിൽ രൂപീകൃതമായി കൂടുതൽ ഫലപ്രാപ്തിയോടുകൂടി പ്രവൃത്തിക്കുന്ന ഈ യൂട്യൂബ് ചാനൽ ഇന്നും സജീവമായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. അനുദിനവാർത്തകൾ,കലാപരിപാടികൾ, ദിനാനുബന്ധ പ്രബന്ധങ്ങൾ, ഗുരുമൊഴി എന്നീ ഇനങ്ങളിലൂടെ ജോർജിയൻ ടി വി അനുദിനം വളർന്നുകൊണ്ടേയിരിക്കുന്നു. കുട്ടികളുടെ കലാബോധം വളരെയധികം വളർത്തുന്നതിന് ഈ ഒരു ചാനലിനായി എന്നതിൽ സംശയമില്ല. ഈ ചാനലിനുവേണ്ടിപ്രവർത്തിക്കുന്ന എല്ലാ അദ്ധ്യാപകരുടെയും സഹപ്രവർത്തകരുടെയും സേവനത്തിനു ഈ അവസരത്തിൽ ഞാൻ നന്ദി അറിയിക്കുന്നു.തുടർന്ന് ധാരാളം പരിപാടികൾ ആസൂത്രണം ചെയ്ത് കേരളത്തിലെഏറ്റവും വലിയ യൂട്യൂബ് ചാനലായി മാറുന്നതിനു നിങ്ങളുടെ സഹായവും പ്രതീക്ഷിക്കുന്നു......

# നന്ദി

**അറിവിന്റെയും മാതൃഭാഷയുടെയും ലോകം ഈ ചുരുങ്ങിയ താളുകളിൽ തീരുന്നില്ല. അനേകായിരം നക്ഷത്രങ്ങളിലെ ഏറ്റവും അകലെയുള്ള നക്ഷത്രങ്ങളായി അവ പ്രശോഭിക്കട്ടെ.അകലെ നിന്ന് നോക്കുമ്പോൾ തീരെ ചെറുതും എന്നാൽ അകലങ്ങളിൽ ഉഗ്രതാപികളുമായി അവ മാറട്ടെ. അതിനുവേണ്ടി നമ്മുക്ക് പ്രയത്നിക്കാം. തൽക്കാലത്തേക്ക് വിട ............**